## കേരള സർക്കാർ

# നവകേരളം കർമപദ്ധതി
## പ്രവർത്തന റിപ്പോർട്ട്
## 2025 മാർച്ച്

## &

## ത്രൈമാസ അവലോകനം
### ജനുവരി, ഫെബ്രുവരി, മാർച്ച്

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 8 |
| ലൈഫ് മിഷൻ | 34 |
| വിദ്യാകിരണം | 36 |
| ആർദ്രം മിഷൻ | 41 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 53 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ഡിസംബർ വരെ | ജനുവരി | ഫെബ്രുവരി | മാർച്ച് | ആകെ |
|---|---|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | | | 319 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 31037 | 548 | 2281 | 417 | 34,283 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 38396 | 1812 | 1220 | 1352 | 42780 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3759 | 46 | 61 | 90 | 3956 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5434 | 74 | 88 | 93 | 5689 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9438 | 125 | 178 | 138 | 9879 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 18273 | 192 | 232 | 301 | 18998 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 730 | 31 | 26 | 11 | 798 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 69631 | 1639 | 1749 | 1488 | 74507 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | | | 664 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 341 | 1 | 5 | 2 | 349 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | | | 218 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 2448.57 | 293.66 | 268.47 | 357.45 | 3368.15 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3600 | 48 | 9 | 4 | 3661 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1,128.93 | 40.92 | 3.63 | 0.58 | 1,174.07 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 9 | | | 4 | 13 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | | | 2,422 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 986 | 128 | 19 | 48 | 1181 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | | | 66 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 152 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 8 |
| നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ സർവ്വേ നടക്കുന്ന സ്ഥാപനങ്ങൾ (Institutions) | | | | | 54 |

# മാലിന്യം മുക്തം ജനകീയ കാമ്പയിൻ പ്രവർത്തനങ്ങൾ

**ഒക്ടോബർ 2024 മുതൽ 15 ഏപ്രിൽ 2025 വരെ**

| | |
|---|---|
| ഹരിത ടൗണായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൗണുകൾ | 3096 |
| ഹരിത പ്രഖ്യാപനം നടത്തിയ ടൗണുകൾ | 3032 |
| ഹരിത മാർക്കറ്റ് / പൊതുസ്ഥലമായി തിരഞ്ഞെടുത്ത മാർക്കറ്റ് / പൊതുസ്ഥലങ്ങൾ | 3272 |
| പ്രഖ്യാപനം നടത്തിയ മാർക്കറ്റ് / പൊതുസ്ഥലങ്ങൾ | 3170 |
| ഹരിത അയൽക്കൂട്ടമായി തിരഞ്ഞെടുത്ത അയൽക്കൂട്ടങ്ങൾ | 297483 |
| ഹരിത പദവി കരസ്ഥമാക്കിയ അയൽക്കൂട്ടങ്ങൾ | 297483 |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | 419 |
| പ്രഖ്യാപനം നടത്തിയ ഹരിത ടൂറിസം കേന്ദ്രങ്ങൾ | 333 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | 60402 |
| ഹരിത പദവി കരസ്ഥമാക്കിയ സ്ഥാപനങ്ങൾ | 59275 |
| ഹരിത വിദ്യാലയമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ | 14536 |
| ഹരിത പദവി കരസ്ഥമാക്കിയ വിദ്യാലയങ്ങൾ | 14433 |
| ഹരിത കലാലയമാക്കി മാറ്റുന്നതിന് തിരഞ്ഞെടുത്ത കലാലയങ്ങൾ | 1455 |
| ഹരിത പദവി കരസ്ഥമാക്കിയ കലാലയങ്ങൾ | 1412 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2025 മാർച്ച് മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളും, 2025 ജനുവരി മുതൽ മാർച്ച് മാസം വരെയുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവലോകനവും ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

# ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

## 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഏറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

- ❖ തൃശൂർ ജില്ലയിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് പഞ്ചായത്തിലെ എംസിഎഫിനോട് ചേർന്ന് പ്രവർത്തനം ആരംഭിച്ചു. മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങൾ ഗ്രാമപഞ്ചായത്തിലേക്കുള്ള മുഴുവൻ തെരുവിളക്കുകൾക്കുള്ള എൽഇഡി നിർമ്മാണം ഏറ്റെടുത്തു.

- ❖ പാലക്കാട് ജില്ലയിൽ നെറ്റ് സീറോ സ്ഥാപനമാക്കാൻ തിരഞ്ഞെടുത്ത 4 സ്ഥാപനങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് യോഗം നടത്തി സർവ്വേ പൂർത്തിയാക്കി.
- ❖ വയനാട് ജില്ലയിൽ നെറ്റ് സീറോ സ്ഥാപനങ്ങളാക്കാൻ വടുവൻചാൽ ജി എച്ച് എസ് എസ് സ്കൂളിൽ കാർബൺ എമിഷൻ സർവ്വെ പൂർത്തീകരിച്ചു. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ ഭാഗമായുള്ള വർക്കിങ് ഗ്രൂപ്പ് യോഗം തിരുനെല്ലി ഫോറസ്റ്റ് സ്റ്റേഷനിൽ വെച്ച് നടന്നു.
- ❖ കാസർഗോഡ് ജില്ലയിൽ നെറ്റ് സീറോ കാമ്പയിനിൽ ഉൾപ്പെട്ട 12 ഗ്രാമപഞ്ചായത്തുകളിലും സർവ്വെ നടത്തുവാൻ തീരുമാനിച്ചു.

| പ്രവർത്തനം നടന്ന മാസം | നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ത്രൈമാസ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 21 | 107 | 127 | 459 | 693 | 2 | 197 | 31 | 1785 | 232 | 93 |
| ഫെബ്രുവരി | 60 | 108 | 406 | 430 | 944 | 0 | 0 | 4 | 135 | 838 | 257 |
| മാർച്ച് | 2 | 4 | 14 | 3 | 21 | 0 | 0 | 0 | 0 | 14 | 41 |
| ആകെ | 83 | 219 | 547 | 892 | 1658 | 2 | 197 | 35 | 1920 | 1084 | 391 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | | |
| ജനുവരി | 7 | 7 | 27 | 23 | 57 | 0 | 0 | 0 | 0 | 37 | 40 |
| ഫെബ്രുവരി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 | 21 |
| മാർച്ച് | 12 | 85 | 170 | 194 | 449 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 19 | 92 | 197 | 217 | 506 | 0 | 0 | 0 | 0 | 46 | 61 |

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2025 മാർച്ച് മാസം വരെ) | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ചകുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 6781.37 | 616 | 547 | 1064 | 3506 | 104 | 16809 |
| കൊല്ലം | 4683.56 | 228 | 478 | 729 | 3565 | 8 | 15811 |
| പത്തനംതിട്ട | 1800.16 | 193 | 207 | 593 | 946 | 29 | 4355 |
| ആലപ്പുഴ | 1911.38 | 83 | 47 | 211 | 344 | 18 | 2635 |
| കോട്ടയം | 1489.48 | 61 | 266 | 453 | 604 | 18 | 1928 |
| ഇടുക്കി | 1893.78 | 233 | 297 | 289 | 326 | 63 | 1557 |
| എറണാകുളം | 3020.63 | 179 | 296 | 857 | 523 | 22 | 0 |
| തൃശൂർ | 2108.26 | 155 | 151 | 435 | 1100 | 12 | 45 |
| പാലക്കാട് | 8002.65 | 779 | 932 | 680 | 1687 | 26 | 14230 |
| മലപ്പുറം | 1734.31 | 405 | 502 | 255 | 1955 | 170 | 1124 |
| കോഴിക്കോട് | 2222.94 | 208 | 194 | 423 | 1068 | 45 | 311 |
| വയനാട് | 1994.32 | 86 | 761 | 133 | 369 | 94 | 1836 |
| കണ്ണൂർ | 3325.08 | 568 | 552 | 2856 | 1616 | 113 | 11215 |
| കാസർഗോഡ് | 1812.54 | 159 | 459 | 901 | 1389 | 76 | 2651 |
| ആകെ | 42780.47 | 3953 | 5689 | 9879 | 18998 | 798 | 74507 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 മാർച്ച് മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 42780.47 കിലോമീറ്റർ നീർച്ചാലുകളും 3953 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 88,516.47 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5689 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 798 സ്ഥിരം തടയണകളും 74507 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9879 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 18998 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3,565 എണ്ണം), തിരുവനന്തപുരം (3,506) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2,856). പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

മാർച്ച് മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 1352.84 കിലോമീറ്റർ നീർച്ചാലുകളും 87 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 93 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാർച്ച് മാസത്തിൽ 138 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 301 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 11 സ്ഥിരം തടയണകളും 1488 താൽക്കാലിക തടയണകളും നിർമ്മിച്ചു.

- ❖ പത്തനംതിട്ട ജില്ലയിൽ 51.06 കി.മീ വിസ്തൃതിയിൽ 76 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്, ഇതോടൊപ്പം 10 കിണറുകൾ, 67 താൽക്കാലിക തടയണകൾ നിർമ്മിച്ചു. തൻ മാസം 8 കിണറുകൾ റീചാർജ്ജ് ചെയ്തു.
- ❖ ആലപ്പുഴ ജില്ലയിൽ ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 59.45 കി.മീ നീളത്തിൽ 98 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 9 പുതിയ കിണറുകളും, 28 താൽക്കാലിക തടയണയും മാർച്ച് മാസം നിർമ്മിച്ചിട്ടുണ്ട്.
- ❖ തൃശൂർ ജില്ലയിൽ 22 നീർച്ചാലുകൾ 116.32 കിലോമീറ്റർ നീളത്തിൽ പുനരുജ്ജീവിപ്പിച്ചു. 6 കുളങ്ങൾ പുനരുജീവിപ്പിക്കുകയും 5 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു. 15 കിണറുകൾ റീചാർജ് ചെയ്യുകയും 43 പുതിയ കിണറുകൾ നിർമ്മിക്കുകയും ചെയ്തു.
- ❖ തൃശൂർ ജില്ലയിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പെങ്ങാമുക്ക് പാറക്കുഴി പടവു കനാൽ, സ്രായിൽ കൊണ്ടട കടവ് എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചു.
- ❖ തൃശൂർ ജില്ലയിൽ കുന്നംകുളം നഗരസഭയിൽ കക്കാട് തോട്, തുറക്കുളം മാർക്കറ്റിനോട് ചേർന്നുള്ള തോടുകൾ, ചൊവ്വന്നൂർ, കാണിയാമ്പാൽ തോടുകൾ, മധുരക്കുളത്തിനോട് ചേർന്നുള്ള തോടുകൾ, പള്ളിക്കര തോട് എന്നിവ വൃത്തിയാക്കുന്നുണ്ട്. മാലിന്യ സംസ്കരണത്തിനായി നീക്കിവെച്ച തുകയിൽ നാലുലക്ഷം രൂപ ചെലവഴിച്ചാണ് ജെസിബിയുടെ സഹായത്തോടെ തോടുകൾ വൃത്തിയാക്കുന്നത്.
- ❖ മലപ്പുറം ജില്ലയിൽ 106.51 കി മീ നീളത്തിൽ 62 നീർച്ചാലുകളും, 15 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 8 കുളങ്ങളും, 4 കിണറുകളും, 9 സ്ഥിരം തടയണകളും, 10 താൽക്കാലികം തടയണകളും പുതുതായി നിർമിക്കുകയും. 10 കിണറുകൾ റീചാർജ്ജ് ചെയ്തു.
- ❖ കാസർഗോഡ് ജില്ലയിൽ മാർച്ച് മാസം 4.88 കി.മീ നീളത്തിൽ 21 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 3 കുളങ്ങൾ നിർമ്മിച്ചു. 11 കിണറുകൾ റീചാർജ്ജ് ചെയ്തു.4 പുതിയ കിണറുകളും നിർമ്മിച്ചിട്ടുണ്ട്. 2 സ്ഥിരം തടയണകളും നിർമ്മിച്ചിട്ടുണ്ട്.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ ത്രൈമാസ വിലയിരുത്തൽ | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ | ഡിസംബർ വരെ | ജനുവരി വരെ | ഫെബ്രുവരി വരെ | മാർച്ച് വരെ |
| നിർമിച്ച കിണറുകൾ | 18273 | 18,465 | 18697 | 18998 |
| നിർമിച്ച കുളങ്ങൾ | 5434 | 5,508 | 5596 | 5689 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | 38395.66 | 40,207.7 | 41428.43 | 42780.47 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | 3759 | 3,805 | 3866 | 3953 |
| റീചാർജ് ചെയ്ത കിണറുകൾ | 9438 | 9,563 | 9741 | 9879 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 730 | 761 | 787 | 798 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 69631 | 71,270 | 73019 | 74507 |

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണസ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

- വിവിധ ജില്ലകളിലായി 664 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജിതമായി നടന്നു വരുന്നു. ഇവ പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 64% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് ആകും എന്നത് ശ്രദ്ധേയമാണ്.
- നിലവിൽ 492 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. അവയിൽ 439 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ അവതരണത്തിന് സജ്ജമായിട്ടുണ്ട്. ഇവയിൽ ഉൾപ്പെട്ട 349 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2025 മാർച്ച് മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- മാർച്ച് മാസം സംസ്ഥാനത്താകെ 2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പ്രസിദ്ധീകരിച്ചു.
- കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിൽ ജലബജറ്റ് പ്രകാശനം മാർച്ച് മാസത്തിൽ നടന്നു. ഇതോടെ കണ്ണൂർ ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളും ജലബജറ്റ് തയ്യാറാക്കി.
- തൃശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിൽ മാർച്ച് മാസം റിപ്പോർട്ട് പ്രകാശനം നടന്നു.

| ജല ബജറ്റ് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം സജ്ജമായിട്ടുള്ളത് | ഇതിൽ റിപ്പോർട്ട് അവതരണം നടത്തിയത് |
| തിരുവനന്തപുരം | 73 | 22 | 9 |
| കൊല്ലം | 52 | 32 | 32 |
| പത്തനംതിട്ട | 17 | 17 | 13 |
| ആലപ്പുഴ | 16 | 16 | 8 |
| കോട്ടയം | 71 | 38 | 9 |
| ഇടുക്കി | 29 | 25 | 13 |
| എറണാകുളം | 37 | 15 | 15 |
| തൃശൂർ | 35 | 20 | 19 |
| പാലക്കാട് | 49 | 36 | 30 |
| മലപ്പുറം | 94 | 16 | 16 |
| കോഴിക്കോട് | 77 | 76 | 73 |
| വയനാട് | 26 | 26 | 26 |
| കണ്ണൂർ | 47 | 59 | 45 |
| കാസർഗോഡ് | 41 | 41 | 41 |
| ആകെ | 664 | 439 | 349 |

നിലവിൽ ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും

വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

- ❖ തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ്, വാമനപുരം ബ്ലോക്കുകളിൽ റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. കൂടാതെ മറ്റു 8 ബ്ലോക്കുകളിലും ജല ബജറ്റ് സാങ്കേതിക സമിതി പൂർത്തീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ മണക്കാട്, കുമിളി, ഉടുമ്പന്നൂർ, ശാന്തൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം നടന്നു വരുന്നു.
- ❖ തൃശൂർ ജില്ലയിൽ ചൊവ്വന്നൂർ, മതിലകം എന്നീ ബ്ലോക്കുകളിലെയും തളിക്കുളം ബ്ലോക്കിലെ തളിക്കുളം, ഏങ്ങണ്ടിയൂർ, വാടാനപ്പിള്ളി, വലപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെയും ജലബജറ്റ് റിപ്പോർട്ട് അവതരണം പൂർത്തീകരിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ജലദൗർലഭ്യം നേരിടുന്ന ചിറ്റൂർ, മലമ്പുഴ, പട്ടാമ്പി, തൃത്താല എന്നീ ബ്ലോക്കുകളിൽ ജലത്തിന്റെ ഉപയോഗം സുസ്ഥിരമായി കൈകാര്യം ചെയ്ത്, ഭാവിയിലെ ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളുടെ സംയോജനത്തോടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അടിയന്തരമായി ജലബജറ്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാറാത്ത്, കല്യാശ്ശേരി, ചിറ്റാരിപറമ്പ, മാങ്ങാട്ടിടം, കൂടാളി, കീഴല്ലൂർ, പരിയാരം, ഉദയഗിരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് പ്രകാശനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

| പ്രവർത്തനം നടന്ന മാസം | ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 12 | 44 | 72 | 163 | 279 | 1 | 76 | 0 | 0 | 89 | 50 |
| ഫെബ്രുവരി | 3 | 18 | 26 | 12 | 56 | 0 | 0 | 0 | 0 | 617 | 67 |
| മാർച്ച് | 6 | 12 | 70 | 10 | 92 | 0 | 0 | 0 | 0 | 112 | 68 |
| ആകെ | 21 | 74 | 168 | 185 | 427 | 1 | 76 | 0 | 0 | 818 | 185 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ (RKI) സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 218 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

| ജില്ലകൾ | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് തല പ്രവർത്തനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് മാർച്ച് മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 0.00 | 385.09 |
| പത്തനംതിട്ട | 16 | 16 | 16 | 16 | 7 | 17.10 | 129.83 |
| കോട്ടയം | 32 | 32 | 32 | 32 | 32 | 0.00 | 68.90 |
| ഇടുക്കി | 49 | 37 | 37 | 26 | 0 | 0.00 | 0.00 |
| എറണാകുളം | 17 | 17 | 17 | 17 | 17 | 28.14 | 613.76 |
| പാലക്കാട് | 51 | 51 | 51 | 51 | 41 | 177.49 | 1732.30 |
| കോഴിക്കോട് | 14 | 14 | 14 | 14 | 14 | 76.62 | 112.07 |
| വയനാട് | 26 | 26 | 26 | 26 | 22 | 0.00 | 85.00 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 58.10 | 241.20 |
| ആകെ | 230 | 218 | 218 | 207 | 158 | 357.45 | 3368.15 |

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 158 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

| മാപത്തോൺ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | |
| | | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ചതോട് / നീർച്ചാലിന്റെ നീളം (കിമീ) |
| ജനുവരി വരെ | 230 | 217 | 217 | 114 | 2742.23 |
| ഫെബ്രുവരി വരെ | | 217 | 217 | 158 | 3010.70 |
| മാർച്ച് വരെ | | 218 | 218 | 158 | 3368.15 |

| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 1 | 2 | 3 | 4 | 9 | 0 | 0 | 0 | 0 | 12 | 2 |
| ഫെബ്രുവരി | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 15 | 455 | 88 |
| മാർച്ച് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 130 | 382 |
| ആകെ | 1 | 2 | 3 | 4 | 9 | 0 | 0 | 1 | 15 | 597 | 472 |

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ 357.45 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 158 ഗ്രാമപഞ്ചായത്തുകളിലായി 3368.15 കി.മീ. നീർച്ചാൽ പുനരുജ്ജീവനം

നടത്തി. പാലക്കാട് (177.49 കി.മീ), കോഴിക്കോട് (76.62 കി.മീ), കണ്ണൂർ (58.10 കി.മീ), എറണാകുളം (28.14കി.മീ), പത്തനംതിട്ട (17.10 കി.മീ) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം മാർച്ച് മാസത്തിൽ നടന്നത്.

❖ ഇടുക്കി ജില്ലയിൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ മാപ്പിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ദേവികുളം ഗ്രാമപഞ്ചായത്തിൽ മാപ്പിംഗ് ജോലികൾ ആരംഭിച്ചു.

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപം കൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

**നീരുറവ് പ്രവർത്തന പുരോഗതി - മാർച്ച് മാസം**

| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
|---|---|---|---|---|
| തിരുവനന്തപുരം | 8 | 3262 | 2600 | 79.71% |
| കൊല്ലം | 12 | 23056 | 23056 | 100.00% |
| പത്തനംതിട്ട | 47 | 1875 | 963 | 51.36% |
| ആലപ്പുഴ | 8 | 739 | 394 | 53.32% |
| കോട്ടയം | 36 | 5788 | 5788 | 100.00% |
| ഇടുക്കി | 47 | 1342 | 1272 | 94.78% |
| എറണാകുളം | 34 | 3601 | 2754 | 76.48% |
| തൃശൂർ | 20 | 2124 | 2124 | 100.00% |
| പാലക്കാട് | 69 | 10144 | 10144 | 100.00% |
| മലപ്പുറം | 7 | 600 | 592 | 98.67% |
| കോഴിക്കോട് | 24 | 1970 | 616 | 31.27% |
| വയനാട് | 26 | 688 | 686 | 99.71% |
| കണ്ണൂർ | 23 | 2521 | 2521 | 100.00% |
| കാസർഗോഡ് | 5 | 550 | 523 | 95.09% |
| ആകെ | 366 | 58260 | 54033 | 92.74% |

❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 366 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

❖ സംസ്ഥാനത്തെ 366 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 58260 നീരുറവ് പ്രവർത്തനങ്ങളിൽ 54033 പ്രവർത്തനങ്ങൾ (92%) പൂർത്തീകരിച്ചു.

❖ തിരുവനന്തപുരം ജില്ലയിൽ 97.34 കി.മീ നീർച്ചാലും, 8 കുളവും പുനരുജ്ജീവിപ്പിച്ചു, 76 കിണറുകൾ

റീചാർജ് ചെയ്തു. ഇതോടൊപ്പം 13 കുളങ്ങൾ, 65 കിണറുകൾ, 240 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തു.

| നീരുറവ് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| നീരുറവ് പ്രവർത്തനങ്ങൾ | ഡിസംബർ വരെ | ജനുവരി | ഫെബ്രുവരി | മാർച്ച് | ആകെ |
| ഏറ്റെടുത്ത പ്രവർത്തനങ്ങൾ | 48294 | 2007 | 4172 | 3787 | 58260 |
| പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | 44845 | 1803 | 3467 | 3918 | 54033 |

- കൊല്ലം ജില്ലയിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ വാർഡ് 18-ൽ മൈനർ ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ച് കലയ്ക്കോട് ഏലാതോട് നവീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, കുളം നവീകരണ പ്രവർത്തനം എന്നിവ പൂർത്തിയായി.
- പത്തനംതിട്ട ജില്ലയിൽ 24.8 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. മാർച്ച് മാസത്തിൽ 2 കിണർ, 46 താൽക്കാലിക തടയണകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 116 നീർച്ചാലുകളും, 11 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു, 17 പുതിയ കുളങ്ങളും 31 താൽകാലിക തടയണകൾ റിപ്പോർട്ട് മാസം നിർമ്മിച്ചു.
- പാലക്കാട് ജില്ലയിൽ 285.27 കി.മി നീർച്ചാലും, 15 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു, ഇതോടൊപ്പം 20 കുളങ്ങൾ, 78 കിണറുകൾ നിർമ്മിക്കുകയും ചെയ്തു.
- കണ്ണൂർ ജില്ലയിൽ 306.75 കിമി നീർച്ചാലും, 10 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 6 കുളങ്ങൾ, 27 കിണറുകൾ, 289 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും, 6 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും ചെയ്തു.
- കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തിലാണ് നീരുറവ് പ്രവർത്തനങ്ങൾ പ്രാധാന്യം നൽകിയത്. പള്ളിക്കര ഗ്രാമപഞ്ചായത്തിൽ 0.82 കി മീ നീളത്തിൽ 2 നീർച്ചാലുകളും 0.1 കി മീറ്റർ നീളത്തിൽ 1 നീർച്ചാൽ പുനരുജ്ജീവനം നടന്നു. മടിക്കൈ 2 കുളങ്ങളും പള്ളിക്കര 1 കുളവും നിർമ്മിച്ചു. പള്ളിക്കര 2 കിണറുകളും പുല്ലൂർ പെരിയ 4 കിണറുകളും റീചാർജ്ജ് ചെയ്യ്തിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | നീരുറവ് ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 11 | 44 | 43 | 300 | 387 | 1 | 120 | 0 | 0 | 90 | 9 |
| ഫെബ്രുവരി | 9 | 98 | 92 | 103 | 293 | 1 | 100 | 0 | 0 | 116 | 46 |
| മാർച്ച് | 8 | 20 | 142 | 12 | 174 | 0 | 0 | 0 | 0 | 512 | 16 |
| ആകെ | 28 | 162 | 277 | 415 | 854 | 2 | 220 | 0 | 0 | 718 | 71 |

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ

പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 319 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 128 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 191 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 34,283 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 215 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | ഫെബ്രുവരി വരെ | മാർച്ച് | ആകെ |
| തിരുവനന്തപുരം | 13 | 1,595 | 0 | 1,595 |
| കൊല്ലം | 11 | 1,270 | 4 | 1,274 |
| പത്തനംതിട്ട | 21 | 136 | 0 | 136 |
| ആലപ്പുഴ | 28 | 919 | 1 | 920 |
| കോട്ടയം | 31 | 1,720 | 226 | 1,946 |
| ഇടുക്കി | 35 | 2,658 | 3 | 2,661 |
| എറണാകുളം | 54 | 1,020 | 114 | 1,134 |
| തൃശൂർ | 54 | 19,000 | 53 | 19,053 |
| പാലക്കാട് | 10 | 269 | 0 | 269 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 2,106 | 0 | 2,106 |
| വയനാട് | | | | |
| കണ്ണൂർ | 21 | 2,058 | 16 | 2,074 |
| കാസർഗോഡ് | 12 | 1,115 | 0 | 1,115 |
| ആകെ | 319 | 33,866 | 417 | 34,283 |

- പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിലെ ലാബ് സ്ഥാപിച്ചിട്ടുള്ള 10 സ്കൂളുകളിലും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് കെമിക്കലുകൾ ലഭ്യമാക്കി.
- കണ്ണൂർ ജില്ലയിൽ ലാബുകൾ സജീവമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുമായി ചേർന്ന് 21 ലാബുകളിലും കെമിക്കലുകൾ ലഭ്യമാക്കാനുള്ള ഇടപെടലുകൾ നടന്നു. മണത്തണ HSS ന് പേരാവൂർ ഗ്രാമപഞ്ചായത്ത് 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- 2019 ജൂൺ മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 1174.07 ഏക്കർ ആകെ വിസ്തൃതിയിൽ 3661 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (315.86 ഏക്കർ ആകെ വിസ്തൃതിയിൽ 235 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (245.38 ഏക്കർ ആകെ വിസ്തൃതിയിൽ 828 പച്ചതുരുത്തുകൾ).

| പച്ചത്തുരുത്ത് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | ഡിസംബർ വരെ | ജനുവരി | ഫെബ്രുവരി | മാർച്ച് | ആകെ |
| എണ്ണം | 3600 | 48 | 9 | 4 | 3661 |
| വിസ്തൃതി (ഏക്കർ) | 1128.93 | 40.92 | 3.63 | 0.58 | 1174.07 |

- 2025 മാർച്ച് മാസത്തിൽ സംസ്ഥാനത്തു 0.58 ഏക്കർ ആകെ വിസ്തൃതിയിൽ 4 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ഫെബ്രുവരി വരെ | | 2025 മാർച്ച് മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2025 മാർച്ച് വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 511 | 64.02 | 0 | 0 | 511 | 64.02 |
| കൊല്ലം | 286 | 76.11 | 0 | 0 | 286 | 76.11 |
| പത്തനംതിട്ട | 190 | 34.71 | 0 | 0 | 190 | 34.71 |
| ആലപ്പുഴ | 102 | 22.65 | 0 | 0 | 102 | 22.65 |
| കോട്ടയം | 276 | 32.87 | 0 | 0 | 276 | 32.87 |
| ഇടുക്കി | 86 | 37.42 | 0 | 0 | 86 | 37.42 |
| എറണാകുളം | 151 | 21.35 | 0 | 0 | 151 | 21.35 |
| തൃശൂർ | 213 | 44.97 | 0 | 0 | 213 | 44.97 |
| പാലക്കാട് | 338 | 127.45 | 0 | 0 | 338 | 127.45 |
| മലപ്പുറം | 149 | 75.89 | 0 | 0 | 149 | 75.89 |
| കോഴിക്കോട് | 225 | 52.02 | 0 | 0 | 225 | 52.02 |
| വയനാട് | 71 | 23.36 | 0 | 0 | 71 | 23.36 |
| കണ്ണൂർ | 235 | 315.86 | 0 | 0 | 235 | 315.86 |
| കാസർഗോഡ് | 824 | 244.80 | 4 | 0.58 | 828 | 245.38 |
| ആകെ | 3657 | 1173.49 | 4 | 0.58 | 3661 | 1174.07 |

- സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലകളിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മാർച്ച് മാസത്തിൽ 36 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 4 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 144 തൈകൾ ആവശ്യമായി വന്നു.
- കൊല്ലം ജില്ലയിൽ KMML ലെ പച്ചത്തുരുത്തിൽ നടീൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. 500 തൈകൾ നടുന്നതിനുള്ള തടം എടുത്തു. ചാണകം, ചകിരിച്ചോർ, വേപ്പിൻ പിണ്ണാക്ക്, കരിയില തുടങ്ങിയവ ചേർത്ത് തൈകൾ നട്ടുതുടങ്ങി.
- എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിലെ ഡിവിഷൻ 74 ലെ ദേവഹരിതം പദ്ധതിയിൽ നിർമ്മിച്ച പച്ചത്തുരുത്തിലെ തൈകൾ നല്ല രീതിയിൽ പരിപാലിച്ചുപോരുന്നു. 1 ഏക്കറിലായി 500 തൈകൾ നിലവിൽ ഉണ്ട്.
- കണ്ണൂർ ജില്ലയിൽ പുതുതായി 13 തദ്ദേശസ്വയംഭരണ സ്ഥാപന പരിധികളിൽ പച്ചത്തുരുത്തുകൾ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനുപുറമേ 30 സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പച്ചത്തുരുത്ത് ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 38 | 102 | 127 | 285 | 514 | 0 | 0 | 0 | 0 | 205 | 1048 |
| ഫെബ്രുവരി | 22 | 198 | 293 | 111 | 602 | 0 | 0 | 0 | 0 | 194 | 101 |
| മാർച്ച് | 6 | 9 | 22 | 39 | 70 | 1 | 63 | 0 | 0 | 0 | 0 |
| ആകെ | 66 | 309 | 442 | 435 | 1186 | 1 | 63 | 0 | 0 | 399 | 1149 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം,

ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 13 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ഫെബ്രുവരി മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 1181 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തൃശൂർ (314), തിരുവനന്തപുരം (296), കാസർഗോഡ് (163), കണ്ണൂർ (125), വയനാട് (90), പത്തനംതിട്ട (60), കൊല്ലം (59) എന്നീ ജില്ലകളാണ്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 13 | 3040 | 2422 | 1181 |

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- തിരുവനന്തപുരം ജില്ലയിൽ മുദാക്കൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ ഹരിത സമൃദ്ധി പ്രഖ്യാപനം നടന്നു.
- തിരുവനന്തപുരം ജില്ലയിൽ കാരോട്, കള്ളിക്കാട് എന്നി ഗ്രാമപഞ്ചായത്തുകൾ തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ചു.
- എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്ക്, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് തരിശു രഹിത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചു. എടവനക്കാട് ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡ് ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു.

| കാർഷിക മേഖലയിലെ ഇടപെടലുകൾ ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 30 | 82 | 91 | 178 | 351 | 0 | 0 | 0 | 0 | 130 | 93 |
| ഫെബ്രുവരി | 13 | 56 | 95 | 72 | 223 | 0 | 0 | 0 | 0 | 125 | 102 |
| മാർച്ച് | 56 | 97 | 240 | 172 | 509 | 1 | 104 | 0 | 0 | 738 | 341 |
| ആകെ | 99 | 235 | 426 | 422 | 1083 | 1 | 104 | 0 | 0 | 993 | 536 |

## 9. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ (ഏപ്രിൽ 15 വരെ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട്)

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്തു നടത്തിയിട്ടുണ്ട്. മാലിന്യം മുക്തം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തങ്ങൾ നടന്നിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനപരിപാടികൾ / ഹരിത പ്രഖ്യാപനങ്ങൾ എന്നിവ

നടന്നു വരുന്നു. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എല്ലാം നല്ല രീതിയിലുള്ള പുരോഗതി കൈവരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം**

- ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 7ന് വെള്ളയമ്പലം പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ.അനിൽ നിർവഹിച്ചു.
- മാലിന്യമുക്ത പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തിയ പഞ്ചായത്തായി ഒറ്റൂരും ഗ്രാമപഞ്ചായത്തും, മികച്ച മുൻസിപ്പാലിറ്റിയായി ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയും, മികച്ച ബ്ലോക്കായി വർക്കലയും തിരഞ്ഞെടുത്തു.

**കൊല്ലം**

- ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 7-ന് സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ വച്ച് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ നിർവ്വഹിച്ചു.
- ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഫലമായി മുഴുവൻ വിദ്യാലയങ്ങളും, കലാലയങ്ങളും, സ്ഥാപനങ്ങളും ഹരിത വിദ്യാലയം, കലാലയം, സ്ഥാപനങ്ങളായി മാറ്റാൻ സാധിച്ചു.
- ജില്ലയിലെ 20 വിനോദ സഞ്ചാര കേന്ദ്രങ്ങളും എല്ലാ അയൽക്കൂട്ടങ്ങളും ഹരിത വിനോദ സഞ്ചാരകേന്ദ്രം, ഹരിത അയൽക്കൂട്ടം പദവി കൈവരിക്കാൻ സാധിച്ചു.
- ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലെ പ്രധാന കവലകളും പൊതു സ്ഥലങ്ങളും വലിച്ചെറിയൽ മുക്തമാക്കി ശുചിത്വം ഉറപ്പാക്കി ബിന്നുകൾ സ്ഥാപിച്ച് സൗന്ദര്യവൽക്കരിച്ചു.
- മാലിന്യ സംസ്കരണത്തിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച ഗ്രാമപഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിനും, നഗരസഭയ്ക്കും ഉള്ള പുരസ്ക്കാരവും, ഹരിത സ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങളും മറ്റ് വിവിധ പുരസ്ക്കാരങ്ങളും മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ചിഞ്ചു റാണി വിതരണം ചെയ്തു.

**പത്തനംതിട്ട**

- ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 7ന് ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് നിർവഹിച്ചു.

**ആലപ്പുഴ**

- സമ്പൂർണ്ണ മാലിന്യ മുക്ത പ്രഖ്യാപനം ഏപ്രിൽ 5ന് തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ കണ്ണങ്കര സെന്റ് സേവ്യേഴ്സ് ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിച്ചു.
- മികച്ച നഗരസഭയായി ആലപ്പുഴയും, ബ്ലോക്ക് പഞ്ചായത്തായി കഞ്ഞിക്കുഴിയേയും മികച്ച ഗ്രാമപഞ്ചായത്തായി പുന്നപ്ര തെക്കിനെയും തിരഞ്ഞെടുത്തു.
- കക്കൂസ് മാലിന്യ സംസ്കാരണത്തിന് പരിഹാരമായ ചേർത്തല എഫ്.എസ്.റ്റി.പി സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്ത ചേർത്തല നഗരസഭയ്ക്കും തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിനും പ്രത്യക ആദരവ് നൽകി.

**കോട്ടയം**

- സമ്പൂർണ്ണ മാലിന്യ മുക്ത പ്രഖ്യാപനം ഏപ്രിൽ 7ന് സഹകരണ വകുപ്പ് മന്ത്രി വി.എൻ.വാസവൻ നിർവഹിച്ചു.

**ഇടുക്കി**

- സമ്പൂർണ്ണ മാലിന്യ മുക്ത ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 8 ന് ജല സേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പ്രഖ്യാപിച്ചു.
- 912 പ്രഖ്യാപന പരിപാടികൾ സംഘടിപ്പിച്ചു, ആയതിൽ 12,895 പേരുടെ ജനപങ്കാളിത്തം ഉണ്ടായിരുന്നു. ഇതോടൊപ്പം 90 സന്നദ്ധ പ്രവർത്തനങ്ങളുടെ പങ്കാളിത്തം റിപ്പോർട്ട് മാസം ഉണ്ടായിരുന്നു.

- ❖ പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ പ്രചരണ പരിപാടിയും മെഗാ ക്ലീനിങ്ങും കുരിശുപാറയിൽ വെച്ച് മാർച്ച് 2 ന് രാവിലെ സംഘടിപ്പിച്ചു.
- ❖ അടിമാലി ഗ്രാമപഞ്ചായത്തിൽ അടിമാലി ടൗണിൽ മെഗാ ശുചീകരണം സംഘടിപ്പിച്ചു.

### എറണാകുളം

- ❖ മാലിന്യ മുക്ത ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 7ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ഓൺലൈൻ ആയി നിർവഹിച്ചു. ജില്ലയിലെ ആദ്യ മാലിന്യ മുക്ത തദ്ദേശഭരണ സ്ഥാപനമായ മണീട് ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപനം തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറി അനുപമ IAS നിർവഹിച്ചു.
- ❖ കൂത്താട്ടുകുളം നഗരസഭ ആദ്യ സമ്പൂർണ്ണ ശുചിത്വ നഗരമായി എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് IAS പ്രഖ്യാപിച്ചു. ഏലൂർ നഗരസഭയെ മാലിന്യ മുക്ത നഗരസഭയായി നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി.രാജീവ് പ്രഖ്യാപിച്ചു. തൃപ്പൂണിത്തുറ നഗരസഭ ശുചിത്വ നഗരസഭയായി നഗരസഭാ MLA കെ.ബാബു പ്രഖ്യാപിച്ചു.
- ❖ സമ്പൂർണ്ണ ഹരിത പഞ്ചായത്ത്/നഗരസഭാ പ്രഖ്യാപനത്തിന്റെ ഭാഗമായി 1686 വാർഡുകളിലും ക്ലീനിങ് നടന്നു. കൊച്ചി കോർപ്പറേഷനിലെ കൊച്ചി നഗരസഭ ഡിവിഷൻ 66 ജനകീയ ശുചീകരണ യജ്ഞം നടന്നു. കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലെ ഡിവിഷൻ 72, 70 എന്നിവിടങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ശുചിത്വ പദയാത്ര നടത്തി.
- ❖ സിവിൽ സ്റ്റേഷൻ മെഗാ ക്ലീനിങ് ഡ്രൈവ് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. എറണാകുളം സിവിൽ സ്റ്റേഷൻ ഹരിത സിവിൽ സ്റ്റേഷൻ ആയി വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പ്രഖ്യാപിച്ചു.
- ❖ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനക്ക് യൂണിഫോമും ഹരിതസംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഉപകാരണങ്ങളും വിതരണം ചെയ്തു.

### തൃശൂർ

- ❖ സമ്പൂർണ്ണ മാലിന്യമുക്തം പ്രഖ്യാപനം മാർച്ച് 5-ന് ടൗൺഹാളിൽ വച്ച് ലാൻഡ് റവന്യൂ സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ് ഭൂപരിഷ്കരണ ഭവനവകുപ്പ് മന്ത്രി കെ രാജൻ നിർവഹിച്ചു.
- ❖ ജില്ലയിലെ മുഴുവൻ വാർഡുകളിലും (1794) വാർഡുതല മാലിന്യമുക്തം പ്രഖ്യാപനം മാർച്ച് 30ന് പൂർത്തീകരിച്ചു. കൂടാതെ 16 ബ്ലോക്കുകളിലെയും സമ്പൂർണ മാലിന്യമുക്തം പ്രഖ്യാപനം ഏപ്രിൽ 3-ന് പൂർത്തീകരിച്ചു.
- ❖ വിവിധ സർക്കാർ വകുപ്പുകളുടെ ഹരിത ഓഫീസ് പ്രഖ്യാപനം മാർച്ച് 29 ന് തൃശൂർ കോർപ്പറേഷൻ മേയർ നിർവ്വഹിച്ചു.
- ❖ 6473 സ്ഥാപനങ്ങൾ, 25977 അയൽക്കൂട്ടങ്ങൾ, 1164 വിദ്യാലയങ്ങൾ, 122 കലാലയങ്ങൾ, 301 പൊതുയിടങ്ങൾ, 538 ടൗണുകൾ, 40 വിനോദസഞ്ചാര കേന്ദ്രങ്ങൾ ഹരിത പദവി നേടി.
- ❖ മികച്ച ഗ്രാമപഞ്ചായത്തായി കൊടകര ഗ്രാമപഞ്ചായത്തിനെയും ഏറ്റവും മികച്ച നഗരസഭയായി ഗുരുവായൂർ നഗരസഭയേയും, മികച്ച ബ്ലോക്ക് പഞ്ചായത്തായി കൊടകര ബ്ലോക്ക് പഞ്ചായത്തിനെയും തിരഞ്ഞെടുത്തു. ഏറ്റവും മികച്ച സിഡിഎസ് കാടുകുറ്റി, മികച്ച ഹരിത കർമ്മ സേന കൺസോഷ്യം തെക്കുംകര ഗ്രാമപഞ്ചായത്ത് മികച്ച എംസി എഫ്, ആർ ആർ എഫ് കമ്മ്യൂണിറ്റി കമ്പോസ്റ്റ് ഉള്ള തദ്ദേശസ്ഥാപനമായി തൃശൂർ മുൻസിപ്പൽ കോർപ്പറേഷനും അവാർഡ് കരസ്ഥമാക്കി. മികച്ച സർക്കാർ സ്ഥാപനമായി ജനറൽ ആശുപത്രി, മികച്ച സ്വകാര്യ സ്ഥാപനമായി (വ്യാപാരേതരം) ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി, സ്വകാര്യ സ്ഥാപനമായി (വ്യാപാരം) എൽറോയ് ബിൽഡിംഗ്സും, മികച്ച എൻഎസ്എസ് യൂണിറ്റായി ജിഎച്ച്എസ്എസ് വിജയരാഘവപുരം, ജിഎച്ച്എസ്എസ് കരൂപടന്ന എന്നിവയും മികച്ച വിദ്യാലയമായി ജിഎച്ച്എസ്എസ് പഴയന്നൂർ, മികച്ച കലാലയമായി സെന്റ് തോമസ് കോളേജും അർഹത നേടി.
- ❖ മികച്ച റസിഡൻസ് അസോസിയേഷൻ തിരുവില്ലാമല അനശ്വര റസിഡൻസ് അസോസിയേഷൻ കരസ്ഥമാക്കി. മികച്ച രീതിയിൽ മാലിന്യ സംസ്കരണം നടപ്പിലാക്കിയ സർക്കാർ വകുപ്പ് പൊതു വിദ്യാഭ്യാസ വകുപ്പ്, മികച്ച ഹരിത ടൗൺ ചാലക്കുടി ടൗൺ, മികച്ച ഹരിത ടൂറിസം കേന്ദ്രമായി വാഴാനി

ഡാമും തെരഞ്ഞെടുക്കപ്പെട്ടു. 100% വാതിൽ പടി ശേഖരണം എന്ന നേട്ടം കൈവരിച്ച കുന്നംകുളം നഗരസഭയ്ക്കും നെന്മണിക്കര ഗ്രാമപഞ്ചായത്തിനും പുരസ്കാരങ്ങൾ നൽകി.

- ❖ ഏറ്റവും കൂടുതൽ ഗാർഹിക ജൈവമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച തദ്ദേശസ്ഥാപനമായി പാവറട്ടി ഗ്രാമപഞ്ചായത്തും ഏറ്റവും കൂടുതൽ മികച്ച ഹരിത വിദ്യാലങ്ങളുള്ള പഞ്ചായത്തായി മുരിയാടും, നഗരസഭയായി ഗുരുവായൂരും, ഏറ്റവും കൂടുതൽ മികച്ച കലാലയങ്ങളുള്ള പഞ്ചായത്തായി മാടക്കത്തറയും, നഗരസഭയായി ഇരിഞ്ഞാലക്കുട നഗരസഭയും അർഹത നേടി.
- ❖ ഏറ്റവും കൂടുതൽ മികച്ച ഹരിത ടൗണുകളുള്ള ഗ്രാമപഞ്ചായത്തായി ശ്രീനാരായണപുരവും നഗരസഭയായി വടക്കാഞ്ചേരി നഗരസഭയെയും തിരഞ്ഞെടുത്തു. ഏറ്റവും കൂടുതൽ മികച്ച ഹരിത സ്ഥാപനങ്ങളുള്ള പഞ്ചായത്തായി എറിയാടും നഗരസഭയായി കൊടുങ്ങല്ലൂരും അർഹത നേടി.
- ❖ ഏറ്റവും കൂടുതൽ മികച്ച ഹരിത അയൽക്കൂട്ടങ്ങളുള്ള പഞ്ചായത്തായി പുത്തൂരും നഗരസഭയായി ഇരിഞ്ഞാലക്കുട നഗരസഭയും അർഹരായി. ഏറ്റവും കൂടുതൽ പൊതുസ്ഥലങ്ങൾ ഹരിതാഭമാക്കിയ പഞ്ചായത്തായി പുത്തൂരിനെയും നഗരസഭയായി ഇരിഞ്ഞാലക്കുട നഗരസഭയെയും തെരഞ്ഞെടുത്തു.
- ❖ തൃശൂർ കോർപ്പറേഷനിൽ വീടുകളിൽ നിന്ന് തരംതിരിച്ച് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ജനങ്ങളിൽ മാലിന്യ സംസ്കരണ അവബോധം ജനിപ്പിക്കുന്നതിനുമായി 20 വാഹനങ്ങൾ മേയർ ഫ്ലാഗ് ഓഫ് ചെയ്ത് ഹരിതകർമ്മ സേനക്ക് കൈമാറി.
- ❖ മാലിന്യം നിക്ഷേപിച്ചിരുന്ന 55 സ്ഥലങ്ങൾ വൃത്തിയാക്കി. നിരീക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. 58 സ്ഥലങ്ങളിൽ സൗന്ദര്യവത്ക്കരണം നടത്തി. 4818 സ്ക്വയർ ഫീറ്റ് സ്ഥലം ചെടികൾ വെച്ച് സൗന്ദര്യവത്ക്കരണം നടത്തി. 33 റോഡുകൾ സൗന്ദര്യവത്ക്കരണം നടത്തി. 9613 മീറ്റർ നീളം റോഡരികിൽ ചെടികൾ വെച്ച് സൗന്ദര്യവത്ക്കരണം നടത്തിയിട്ടുണ്ട്.
- ❖ ചാവക്കാട് നഗരസഭയിൽ വിദ്യാലങ്ങൾ, അംഗൻവാടികൾ, ടൗൺ, പൊതു സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, കലാലയങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അയൽക്കൂട്ടങ്ങൾ, തുടങ്ങിയവയുടെ ഹരിത പ്രഖ്യാപനം നടത്തി.
- ❖ ഗുരുവായൂർ നഗരസഭയിൽ പുതിയതായി നിർമ്മിച്ച RRR സെന്റർ സ്വാപ് ഷോപ് കെട്ടിടത്തിന്റെ ഉദ്ഘാടനം സിനിമാതാരവും ഗുരുവായൂർ നഗരസഭയുടെ ശുചിത്വ അംബാസിഡറും ആയ നവ്യ നായർ നിർവഹിച്ചു.

### പാലക്കാട്

- ❖ ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 7 നു തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് നിർവ്വഹിച്ചു. 1730 വാർഡുകളിലും 95 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 13 ബ്ലോക്കുകളിലും സമ്പൂർണ്ണ പ്രഖ്യാപനം നടന്നു.
- ❖ 4968 സ്ഥാപനങ്ങൾ, 29046 അയൽക്കൂട്ടങ്ങൾ, 1171 വിദ്യാലയങ്ങൾ, 111 കലാലയങ്ങൾ, 218 പൊതുയിടങ്ങൾ, 284 ടൗണുകൾ, 37 വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവ ഹരിത പദവി നേടി. അജൈവമാലിന്യങ്ങൾക്കായി 176 ബിന്നുകളും 40 ബോട്ടിൽ ബൂത്തുകളും 71 IEC ബോർഡുകളും സ്ഥാപിച്ചു.
- ❖ ഏറ്റവും മികച്ച നഗരസഭയായി ഷൊർണ്ണൂർ നഗരസഭയും മികച്ച ഗ്രാമപഞ്ചായത്തായി പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിനെയും തിരഞ്ഞെടുത്തു. മികച്ച രണ്ടാമത്തെ നഗരസഭയായി പാലക്കാടിനെയും ഗ്രാമ പഞ്ചായത്തായി അകത്തേത്തറ ഗ്രാമപഞ്ചായത്തിനെയും തിരഞ്ഞെടുത്തു.
- ❖ മികച്ച ഹരിത കർമ്മ സേനയ്ക്കുള്ള ഒന്നാം സ്ഥാനം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തും. യൂസർഫീ കളക്ഷനിൽ പല്ലശ്ശന ഗ്രാമപഞ്ചായത്തും മികച്ച MCF പ്രവർത്തനത്തിന് വെള്ളിനേഴി, പട്ടഞ്ചേരി പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റി തലത്തിൽ ഷൊർണ്ണൂരും അർഹത നേടി.
- ❖ മികച്ച ഹരിത കലാലയത്തിന് എലപ്പുള്ളി അഹല്യ കോംപ്ലക്സ്, നാഗലശ്ശേരി അഷ്ടാംഗം വിദ്യാപീഠം വാവന്നൂർ, കൊഴിഞ്ഞാമ്പാറ ഭാരത് മാതാ കോളേജും മുനിസിപ്പാലിറ്റി തലത്തിൽ മണ്ണാർക്കാട് MES കല്ലടി കോളേജും അർഹത നേടി.
- ❖ മാർച്ച് 26 നു മണ്ണാർക്കാട് നഗരസഭാതല സമ്പൂർണ്ണ പ്രഖ്യാപനം മണ്ണാർക്കാട് നിയോജകമണ്ഡലം MLA എൻ.ഷംസുദ്ദീൻ നിർവ്വഹിച്ചു.

- ❖ മരുതറോഡ്, പുതുപ്പരിയാരം, മുണ്ടൂർ, അകത്തേത്തറ, മലമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പഞ്ചായത്ത്തല സമ്പൂർണ്ണ പ്രഖ്യാപനം മലമ്പുഴ നിയോജകമണ്ഡലം MLA എ.പ്രഭാകരൻ നിർവ്വഹിച്ചു.
- ❖ പല്ലശ്ശന, അയിലൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പഞ്ചായത്ത് തല സമ്പൂർണ്ണ പ്രഖ്യാപനം നെന്മാറ നിയോജകമണ്ഡലം MLA കെ. ബാബു, കോങ്ങാട്, കാഞ്ഞിരപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പഞ്ചായത്ത് തല സമ്പൂർണ്ണ പ്രഖ്യാപനം 2025 മാർച്ച് 29 നു കോങ്ങാട് നിയോജകമണ്ഡലം MLA അഡ്വ. കെ. ശാന്തകുമാരി, കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് തല സമ്പൂർണ്ണ പ്രഖ്യാപനം തരൂർ നിയോജകമണ്ഡലം MLA പി.പി.സുമോദ്, തച്ചമ്പാറ ഗ്രാമപഞ്ചായത്ത് തല സമ്പൂർണ്ണ പ്രഖ്യാപനം പാലക്കാട് MP വി.വി.ശ്രീകണ്ഠൻ, മുതുതല ഗ്രാമപഞ്ചായത്ത് തല സമ്പൂർണ്ണ പ്രഖ്യാപനം പട്ടാമ്പി നിയോജകമണ്ഡലം MLA മുഹമ്മദ് മുഹ്സിൻ, കടമ്പഴിപുറം, ശ്രീകൃഷ്ണപുരം എന്നീ ഗ്രാമപഞ്ചായത്തുകളുടെ പഞ്ചായത്ത് തല സമ്പൂർണ്ണ പ്രഖ്യാപനം ഒറ്റപ്പാലം നിയോജകമണ്ഡലം MLA അഡ്വ. കെ. പ്രേംകുമാർ എന്നിവർ നിർവ്വഹിച്ചു. പുതൂർ, വെള്ളിനേഴി, കുലുക്കല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പഞ്ചായത്ത് തല സമ്പൂർണ്ണ പ്രഖ്യാപനം നടന്നു.

**മലപ്പുറം**

- ❖ സമ്പൂർണ ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 5ന് കായിക വകുപ്പ മന്ത്രി വി.അബ്ദുറഹ്മാൻ നിർവഹിച്ചു.
- ❖ 106 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി ബ്ലോക്ക് അടിസ്ഥാനത്തിൽ ഹരിത ഫുട്ബോൾ ടൂർണ്ണമെന്റ് മൽസരം നടത്തി.
- ❖ നിലമ്പൂർ പ്ലാസ്റ്റിക് ചെക്ക് പോസ്റ്റ് & ക്ലീൻ ഡ്രൈവ് - ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് വരുന്ന വാഹനങ്ങളെ പരിശോധിക്കാനായി ചെക്ക് പോസ്റ്റ് സ്ഥാപിച്ചു.
- ❖ എല്ലാ തെരുവുകളിലും മാർക്കറ്റിലും മറ്റ് പൊതുയിടത്തും സർക്കാർ/സ്വകാര്യ സംവിധാനത്തിലൂടെ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്, ഇതിലൂടെ ശേഖരിക്കപ്പെടുന്ന ബോട്ടിൽ മാലിന്യങ്ങൾ അതാതിടത്തെ ഹരിത കർമ്മ സേന വഴി യഥാവിധി നീക്കം ചെയ്യുന്നുണ്ട്.
- ❖ കോഴി ഇറച്ചി മാലിന്യം സംസ്കരണത്തിനായി ജില്ലയിൽ 15 റെൻഡറിംഗ് പ്ലാന്റുകളുണ്ട്, ദിനംപ്രതി 300 ടൺ കപ്പാസിറ്റിയുള്ള 15 കോഴിമാലിന്യ പ്ലാന്റുകളുണ്ട്. കോഴിമാലിന്യ സംസ്കരത്തിന് ഇതിലൂടെ സമ്പൂർണ്ണത കൈവരിക്കാനായിട്ടുണ്ട്.

**കോഴിക്കോട്**

- ❖ ഏപ്രിൽ 5 നു ജില്ലാ തല പ്രഖ്യാപനം കണ്ടംകുളം ജൂബിലി ഹാളിൽ വച്ച് വനം വന്യജീവി മന്ത്രി എ.കെ.ശശീന്ദ്രൻ നിർവഹിച്ചു.
- ❖ തദ്ദേശസ്വയംഭരണ സ്ഥാപനതല മാലിന്യമുക്ത പ്രഖ്യാപനങ്ങൾ ജില്ലയിൽ 68 പഞ്ചായത്തുകളിലും, 7 മുനിസിപ്പാലിറ്റികളിലും, കോഴിക്കോട് കോർപ്പറേഷനിലും 12 ബ്ളോക്കിലും നടന്നു.
- ❖ ജില്ലയിൽ നടന്ന വാർഡ് തല പ്രഖ്യാപനത്തിൽ 50506 ജനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപന തല പ്രഖ്യാപനത്തിൽ 16381 ജനങ്ങളുടെയും പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ ജില്ലയിൽ 5468 (99.76%) സ്ഥാപനങ്ങൾ, 1480 (100%) വിദ്യാലയങ്ങൾ, 120 (99.17%) കലാലയങ്ങൾ, 27618 (100%) അയൽക്കൂട്ടങ്ങൾ, 276 (100%) ടൗണുകൾ, 808 (100%) പൊതു സ്ഥലങ്ങൾ, 29 (100%) ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ ഹരിതമായിട്ടുണ്ട്.

**വയനാട്**

- ❖ ജില്ലാ തല പ്രഖ്യാപനം ഏപ്രിൽ 5 നു ഐ.സി ബാലകൃഷ്ണൻ MLA നിർവഹിച്ചു.
- ❖ വൈത്തിരി ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഹരിത അയൽകൂട്ടം, ഹരിത സ്ഥാപന പ്രഖ്യാപനം നടന്നു.
- ❖ 26 തദ്ദേശ സ്ഥാപനങ്ങളിലും സമ്പൂർണ ശുചിത്വ പ്രഖ്യാപനം നടത്തി. വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി നടന്ന പരിപാടികളിൽ ജനപ്രതിനിധികൾ ഉദ്ഘാടനം നിർവഹിച്ചു.
- ❖ ഗ്രാമപഞ്ചായത്തുകളിൽ മികച്ച ഹരിത വാർഡ്, ഹരിത വിദ്യാലയം, ഹരിത സ്ഥാപനം, വീട് എന്നിങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് അവാർഡ് നൽകി ആദരിച്ചു.

**കണ്ണൂർ**

- ജില്ലാതല പ്രഖ്യാപനം ഏപ്രിൽ 5 നു രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു.
- റസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാർ പദവി ഏർപ്പെടുത്തുക വഴി ജില്ലയിലെ 44 റസിഡൻസ് അസോസിയേഷനുകൾ മികച്ച ശുചിത്വ നിലവാരം പുലർത്തിക്കൊണ്ട് ഹരിത പദവി കൈവരിച്ചു.

**കാസർഗോഡ്**

- ജില്ലാതലം പ്രഖ്യാപനം ഏപ്രിൽ 5 ന് എം പി രാജ്മോഹൻ ഉണ്ണിത്താൻ നിർവഹിച്ചു.
- സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കലാലയങ്ങൾ, ടൗണുകൾ, വൃത്തിയുള്ള പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ, ടൂറിസം കേന്ദ്രങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നിവയുടെ ഹരിത പ്രഖ്യാപനങ്ങൾ നടന്നു. ഹരിതകലാലയം, ഹരിത അയൽക്കൂട്ടം 100 ശതമാനം നേട്ടം കൈവരിച്ചു.
- 777 വാർഡുകളിലും 38 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലും സമ്പൂർണ ശുചിത്വ പ്രഖ്യാപനം നടന്നു. മാർച്ച് 24 ന് മൊഗ്രാൽപുത്തൂർ ഗ്രാമപഞ്ചായത്തിലും മാർച്ച് 28 ന് കാസർഗോഡ് നഗരസഭ, അജാനൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും ശുചിത്വ പ്രഖ്യാപനം നടന്നു. തുടർന്ന് മാർച്ച് 30 ന് ബാക്കി 36 ഗ്രാമപഞ്ചായത്തിലും 2 നഗരസഭകളിലും ഹരിത പ്രഖ്യാപനം നടന്നു.
- വാർഡ്തല പ്രഖ്യാപനത്തിന്റെ മുന്നോടിയായി വാർഡിലെ ഓരോ പ്രധാന കവലകളും റോഡുകളും ഗ്രന്ഥശാലകളുടെയും ഹരിതകർമ്മസേനയുടെയും നാട്ടുകാരുടെയും സഹകരണത്തോടെ ജനകീയമായി ശുചീകരിച്ച് സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നടത്തി. ജില്ലയിലെ 6 ബ്ലോക്കുകളിലും ഏപ്രിൽ 3 ന് ബ്ലോക്ക്തലം പ്രഖ്യാപനം നടന്നു. ഏറ്റവും മികച്ച ഗ്രാമപഞ്ചായത്ത് മടിക്കൈ, മുനിസിപ്പാലിറ്റി കാഞ്ഞങ്ങാട്, ബ്ലോക്ക് പഞ്ചായത്ത് നീലേശ്വരം. ദ്രവമാലിന്യ സംസ്കരണ ഉപാധികളിൽ മികച്ച ഗ്രാമപഞ്ചായത്ത് വലിയപറമ്പ. മാലിന്യ സംസ്ക്കരണ അടിസ്ഥാന സൗകര്യങ്ങളിൽ മികച്ച പിന്തുണ പ്രത്യേക പുരസ്കാരം കാസറഗോഡ് ജില്ലാ പഞ്ചായത്ത്. ഏറ്റവും മികച്ച സി.ഡി.എസ് നീലേശ്വരം നഗരസഭ. മികച്ച എം സി എഫ് തൃക്കരിപ്പൂർ.
- മികച്ച ഹരിത കർമ്മസേന കൺസോർഷ്യം ഗ്രാമപഞ്ചായത്ത് കിനാനൂർ കരിന്തളം. മികച്ച ഹരിത കർമ്മസേന കൺസോർഷ്യം നഗരസഭ കാഞ്ഞങ്ങാട്. നഗരസഭ തലത്തിൽ ശുചിത്വ ടൗൺ കാസറഗോഡ്. ഗ്രാമപഞ്ചായത്ത് തലത്തിൽ മികച്ച ടൗൺ വെള്ളരിക്കുണ്ട് (ബളാൽ).
- മികച്ച എം സി എഫ് നഗരസഭ നീലേശ്വരം. മികച്ച ഹരിത വിദ്യാലയം ഗവ. യു പി സ്കൂൾ പാടിക്കീൽ പിലിക്കോട്. മികച്ച ഹരിത കലാലയം ഗവ. കോളേജ് കാസറഗോഡ്. മികച്ച NSS യൂണിറ്റ്-GHSS കുട്ടമത്ത്.
- മികച്ച ടൂറിസം കേന്ദ്രം - ബേക്കൽ പള്ളിക്കര ബീച്ച്. വാതിൽപ്പടി ശേഖരണത്തിൽ മികച്ച ഗ്രാമപഞ്ചായത്ത് ബദിയഡുക്ക. വാതിൽപ്പടി ശേഖരണത്തിൽ മികച്ച നഗരസഭ നീലേശ്വരം.
- ഗാർഹിക ഉറവിട ജൈവ മാലിന്യ സംസ്ക്കരണ ഉപാധികൾ സ്ഥാപിച്ച മികച്ച ഗ്രാമപഞ്ചായത്ത് ബദിയഡുക്ക. ഗാർഹിക ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച മികച്ച നഗരസഭ കാഞ്ഞങ്ങാട്. ഹരിതവിദ്യാലയ പദവിയിൽ മികച്ച ഗ്രാമപഞ്ചായത്ത് പിലിക്കോട്.
- ഹരിത വിദ്യാലയ പദവിയിൽ മികച്ച നഗരസഭ കാഞ്ഞങ്ങാട്. ഹരിത കലാലയ പദവിയിൽ മികച്ച ഗ്രാമ പഞ്ചായത്ത് മുളിയാർ. ഹരിത കലാലയ പദവിയിൽ മികച്ച നഗരസഭ കാസറഗോഡ്. ഹരിത ടൗൺ പദവിയിൽ മികച്ച ഗ്രാമപഞ്ചായത്ത് ചെറുവത്തൂർ. ഹരിത ടൗൺ പദവിയിൽ മികച്ച നഗരസഭ കാഞ്ഞങ്ങാട്. ഹരിത പൊതുസ്ഥല പദവിയിൽ മികച്ച ഗ്രാമപഞ്ചായത്ത് ബേഡഡുക്ക. ഹരിത പൊതുസ്ഥല പദവിയിൽ മികച്ച നഗരസഭ നീലേശ്വരം. എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിൽ മികച്ച ഗ്രാമപഞ്ചായത്ത് - വെർക്കാടി. മികച്ച റെസിഡൻഷൽ അസോസിയേഷൻ തേജസ് ബോവിക്കാനം. ഹരിത സ്ഥാപനം പദവിയിൽ മികച്ച ഗ്രാമപഞ്ചായത്ത് ചെങ്കള. ഹരിത സ്ഥാപന പദവിയിൽ മികച്ച നഗരസഭ കാസറഗോസ്

## 9.1 ഹരിത സുന്ദര ടൗൺ, മാർക്കറ്റ് / പൊതുസ്ഥലം

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത എല്ലാ ടൗണുകളെയും മാലിന്യമുക്തമാക്കി സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കണം എന്ന്

ലക്ഷ്യം വച്ചിരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത എല്ലാ പൊതുസ്ഥലം, മാർക്കറ്റ് എന്നിവ ശുചീകരിച്ച് ശുചിത്വ കേന്ദ്രമായി പ്രഖ്യാപിക്കും എന്നും ലക്ഷ്യം വച്ചിരുന്നു.

❖ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉൾപ്പെട്ട ചെറുതും വലുതുമായ 3096 ടൗണുകളെ/കവലകളെ/പ്രദേശങ്ങളെ ശുചീകരിച്ച്, സൗന്ദര്യവൽക്കരിച്ച് ഹരിത ടൗണുകൾ ആയി പ്രഖ്യാപിക്കുവാൻ ലക്ഷ്യം വച്ചിരുന്നു. ഇത് കൂടാതെ 3272 പൊതു സ്ഥലങ്ങൾ / മാർക്കറ്റുകളും ശുചീകരണ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി ഹരിതകേന്ദ്രങ്ങളായി പ്രഖ്യാപിക്കുവാൻ ലക്ഷ്യം വച്ചിരുന്നു. തിരഞ്ഞെടുത്ത എല്ലാ ടൗണുകൾ / കവലകൾ / പൊതു സ്ഥലങ്ങൾ / മാർക്കറ്റുകൾ എന്നിവടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

❖ മാർച്ച് മാസം വരെ 3032 ടൗണുകളെയും 3170 പൊതുസ്ഥലങ്ങളെയും ശുചിത്വ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.

❖ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ടൗൺ, പൊതു സ്ഥലങ്ങളും/ മാർക്കറ്റും എന്നിവയുടെ ലക്ഷ്യം വച്ചിട്ടുള്ള ടാർജറ്റിന്റെ എണ്ണം മാസംതോറും മാറി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സമിതികൾ സ്ഥിതിഗതികൾ വിലയിരുത്തി കൂടുതൽ ടൗണുകൾ പൊതു സ്ഥലങ്ങൾ ഹരിത പ്രവർത്തനങ്ങൾക്കായി വ്യാപിപ്പിക്കുന്നതു കാരണമാണ് ടാർജറ്റ് മാറി വരുന്നത്.

| ജില്ല | ടൗൺ | | മാർക്കറ്റ് / പൊതുസ്ഥലം | |
|---|---|---|---|---|
| | എണ്ണം | പ്രഖ്യാപിച്ച ടൗണിന്റെ എണ്ണം | എണ്ണം | പ്രഖ്യാപനം നടത്തിയ മാർക്കറ്റിന്റെ/ പൊതുസ്ഥലത്തിന്റെ എണ്ണം |
| തിരുവനന്തപുരം | 94 | 94 | 123 | 123 |
| കൊല്ലം | 162 | 162 | 73 | 73 |
| പത്തനംതിട്ട | 137 | 137 | 73 | 73 |
| ആലപ്പുഴ | 98 | 98 | 157 | 157 |
| കോട്ടയം | 135 | 135 | 77 | 68 |
| ഇടുക്കി | 233 | 232 | 182 | 181 |
| എറണാകുളം | 344 | 303 | 420 | 398 |
| തൃശൂർ | 538 | 538 | 301 | 301 |
| പാലക്കാട് | 291 | 284 | 268 | 218 |
| മലപ്പുറം | 328 | 313 | 192 | 172 |
| കോഴിക്കോട് | 276 | 276 | 808 | 808 |
| വയനാട് | 57 | 57 | 140 | 140 |
| കണ്ണൂർ | 369 | 369 | 276 | 276 |
| കാസർഗോഡ് | 34 | 34 | 182 | 182 |
| TOTAL | 3096 | 3032 | 3272 | 3170 |

❖ പ്രവർത്തനങ്ങൾ വിലയിരുത്തി പ്രഖ്യാപനം നടത്താൻ ആവശ്യമായ മാർഗ്ഗരേഖയും അസ്സെസ്സ്മെന്റ് ഫോമും, സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും ടൗണുകൾ മാലിന്യമുക്തമാക്കി ഭംഗിയുള്ളതായി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥലത്തെ രാഷ്ട്രീയ പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനകൾ, ഓട്ടോ ടാക്സി തൊഴിലാളികൾ, യുവജനങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരുടെ സേവനം ലഭിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രശംസനീയമാണ്.

❖ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ടൗണുകളെ തിരഞ്ഞെടുത്തതും നിലവിൽ ഹരിത ടൗണുകളായി പ്രഖ്യാപിച്ചതും തൃശൂർ ജില്ലയാണ് (538 ടൗണുകളെ തിരഞ്ഞെടുത്തതിൽ 538 ടൗണുകളെ മാർച്ച് മാസം വരെ ഹരിത ടൗണുകളായി പ്രഖ്യാപിച്ചു).

- ❖ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും തിരഞ്ഞെടുത്തതും നിലവിൽ ശുചിത്വ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും പ്രഖ്യാപിച്ചതും കോഴിക്കോട് ജില്ലയാണ് (തിരഞ്ഞെടുത്ത 808 പൊതു സ്ഥലങ്ങൾ/ മാർക്കറ്റുകളിൽ 808 പൊതു സ്ഥലങ്ങൾ/ മാർക്കറ്റുകളെ മാർച്ച് മാസം വരെ ഹരിതമായി പ്രഖ്യാപിച്ചു).
- ❖ പത്തനംതിട്ട ജില്ലയിൽ 137 ടൗണുകളെയും 73 മാർക്കറ്റുകൾ / പൊതുസ്ഥലങ്ങളെയും ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലായിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതും IEC ബോർഡുകൾ സ്ഥാപിക്കുന്നതുമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം വരെ 232 ടൗണുകളെ ഹരിത ടൗണുകളായും, 181 പൊതുസ്ഥലങ്ങൾ ഹരിത പൊതുസ്ഥലങ്ങളായും പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ തിരഞ്ഞെടുത്ത 344 ടൗണുകളിൽ, 303 ടൗണുകൾ ഹരിതമായി പ്രഖ്യാപിച്ചു. തിരഞ്ഞെടുത്ത 420 മാർക്കറ്റുകൾ/പൊതുസ്ഥലങ്ങളിൽ, 398 കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹരിതമായി പ്രഖ്യാപിക്കുകയും ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ 66 മാലിന്യമുക്ത ഡിവിഷനായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി ഡിവിഷനിലെ വ്യാപാരി വ്യവസായികൾ റസിഡൻസ് അസോസിയേഷനുകൾ, സിഐടിയൂ, തൊഴിലാളി സംഘടനകൾ, ഓട്ടോറിക്ഷ തൊഴിലാളികൾ, നഗരസഭ ആരോഗ്യ വിഭാഗം തൊഴിലാളികൾ, കോൺവെന്റ് സിസ്റ്റേഴ്സ് തുടങ്ങിയവർ ചേർന്ന് ഡിവിഷന്റെ വിവിധ ഭാഗങ്ങളിലായി റോഡിൽ ഇരുവശവും കാണപ്പെട്ട മാലിന്യങ്ങൾ തരംതിരിച്ച് നീക്കം ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിലെ നെല്ലിപ്പൊയിൽ ടൗൺ, കോടഞ്ചേരി പഞ്ചായത്ത്, കണ്ണൂക്കര, മടപ്പളി, നാദാപുരം റോഡ്, വെള്ളിക്കുളങ്ങര ഒഞ്ചിയം ടൗൺ, തലക്കുളത്തൂർ, ചാത്തമംഗലം, മടവൂർ, കുന്നുമ്മൽ, കാക്കൂർ, ഏറാമല, കിഴക്കോത്ത് എന്നീ ഗ്രാമപഞ്ചായത്തുകളിലും വടകര നഗരസഭയിലും ഹരിത ടൗൺ പ്രഖ്യാപനങ്ങൾ നടന്നു.
- ❖ വയനാട് ജില്ലയിൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വെണ്ണിയോട് ടൗൺ ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. ബസ് സ്റ്റോപ്പിൽ ബിന്നുകളും, ഹരിത നിർദ്ദേശക ബോർഡുകളും സ്ഥാപിച്ചു. കൂടാതെ വൈത്തിരി ഗ്രാമപഞ്ചായത്തിലെ വൈത്തിരി, ചുണ്ടേൽ ടൗണുകൾ ഹരിത ടൗണുകളായി.
- ❖ കാസർഗോഡ് ജില്ലയിൽ 182 പൊതു ഇടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ 182 പൊതുഇടങ്ങളുടെ ഹരിത പ്രഖ്യാപനം നടന്നു. വൃത്തിയുള്ള പൊതുയിടം പ്രഖ്യാപനത്തിന്റെ ഭാഗമായി ഓരോ വാർഡിലെ പ്രധാന കവലകൾ ശുചീകരിച്ചു.

| ഹരിത സുന്ദര ടൗൺ മാർക്കറ്റ് / പൊതുസ്ഥലം ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 256 | 918 | 1128 | 1412 | 3458 | 0 | 0 | 1 | 40 | 2885 | 18300 |
| ഫെബ്രുവരി | 293 | 805 | 915 | 1000 | 2720 | 0 | 0 | 0 | 0 | 4147 | 13439 |
| മാർച്ച് | 223 | 1333 | 1143 | 1968 | 4373 | 0 | 0 | 2 | 53 | 4196 | 170086 |
| ആകെ | 772 | 3056 | 3186 | 4380 | 10551 | 0 | 0 | 3 | 93 | 11228 | 201825 |

## 9.2 ഹരിത അയൽക്കൂട്ടങ്ങൾ

- ❖ മാർച്ച് മാസത്തിൽ 100 ശതമാനം ഹരിത അയൽക്കൂട്ടങ്ങളായി മാറ്റണം എന്ന് ലക്ഷ്യം വച്ചിരുന്നു. നിലവിൽ 100% അയൽക്കൂട്ടങ്ങൾ ഹരിത പദവി നേടിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ 297483 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ 297483 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഹരിത അയൽകൂട്ട പദവിക്ക് അർഹമായിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗ്രേഡിങ് നടത്തിയാണ് ഹരിത അയൽക്കൂട്ടങ്ങളെ തിരഞ്ഞെടുത്തത്. ശുചിത്വം മാത്രം മാനദണ്ഡമാക്കിയുള്ള വിലയിരുത്തലാണ് കുടുംബശ്രീ ഇതിനായി നടത്തിയത്.

| ജില്ല | അയൽക്കൂട്ടങ്ങൾ | | |
|---|---|---|---|
| | ആകെ അയൽക്കൂട്ടങ്ങൾ | ഹരിത പദവി കരസ്ഥമാക്കിയ അയൽക്കൂട്ടങ്ങൾ | ശതമാനം |
| തിരുവനന്തപുരം | 29944 | 29944 | 100.00% |
| കൊല്ലം | 25517 | 25517 | 100.00% |
| പത്തനംതിട്ട | 10165 | 10165 | 100.00% |
| ആലപ്പുഴ | 22277 | 22277 | 100.00% |
| കോട്ടയം | 15202 | 15202 | 100.00% |
| ഇടുക്കി | 11153 | 11153 | 100.00% |
| എറണാകുളം | 24809 | 24809 | 100.00% |
| തൃശൂർ | 25977 | 25977 | 100.00% |
| പാലക്കാട് | 29046 | 29046 | 100.00% |
| മലപ്പുറം | 33532 | 33532 | 100.00% |
| കോഴിക്കോട് | 27618 | 27618 | 100.00% |
| വയനാട് | 9824 | 9824 | 100.00% |
| കണ്ണൂർ | 20244 | 20244 | 100.00% |
| കാസർഗോഡ് | 12175 | 12175 | 100.00% |
| ആകെ | 297483 | 297483 | 100.00% |

| ഹരിത അയൽക്കൂട്ടങ്ങൾ ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 466 | 648 | 841 | 2528 | 4017 | 0 | 0 | 2 | 287 | 2381 | 7682 |
| ഫെബ്രുവരി | 73 | 174 | 181 | 518 | 873 | 0 | 0 | 0 | 0 | 3123 | 13689 |
| മാർച്ച് | 168 | 243 | 456 | 436 | 989 | 0 | 0 | 0 | 0 | 456 | 728 |
| ആകെ | 707 | 1065 | 1478 | 3482 | 5879 | 0 | 0 | 2 | 287 | 5960 | 22099 |

## 9.3 ഹരിത സ്ഥാപനങ്ങൾ

ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലേയും മുഴുവൻ സ്ഥാപനങ്ങൾ ഹരിത സ്ഥാപനങ്ങളായി മാറ്റണം എന്ന് ലക്ഷ്യം നൽകിയിരുന്നു. ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ❖ സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ, പൊതുഭരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന 60402 സ്ഥാപനങ്ങളിൽ നിന്നും 59275 (98.13%) സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കിയിട്ടുണ്ട്.
- ❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ, ബി, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച് മാർക്ക്

വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.

- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി മാറ്റിയത് തൃശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കൊല്ലം ജില്ലകളാണ്. തൃശൂർ, കണ്ണൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകൾ തിരഞ്ഞെടുത്ത മുഴുവൻ സ്ഥാപനങ്ങളെയും ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

| ജില്ല | ഹരിതസ്ഥാപനങ്ങൾ | | |
|---|---|---|---|
| | ആകെ സ്ഥാപനങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ സ്ഥാപനങ്ങൾ | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 4937 | 4937 | 100.00% |
| കൊല്ലം | 5080 | 5080 | 100.00% |
| പത്തനംതിട്ട | 2645 | 2621 | 99.09% |
| ആലപ്പുഴ | 2735 | 2193 | 80.18% |
| കോട്ടയം | 4371 | 4322 | 98.88% |
| ഇടുക്കി | 3462 | 3441 | 99.39% |
| എറണാകുളം | 5152 | 4798 | 93.13% |
| തൃശൂർ | 6473 | 6473 | 100.00% |
| പാലക്കാട് | 4970 | 4968 | 99.96% |
| മലപ്പുറം | 5870 | 5860 | 99.83% |
| കോഴിക്കോട് | 5481 | 5468 | 99.76% |
| വയനാട് | 1039 | 945 | 90.95% |
| കണ്ണൂർ | 5650 | 5650 | 100.00% |
| കാസർഗോഡ് | 2537 | 2519 | 99.29% |
| ആകെ | 60402 | 59275 | 98.13% |

- ❖ തിരുവനന്തപുരം ജില്ലയിലെ കളക്ടറേറ്റ് പരിസരം വൃത്തിയാക്കി കൊണ്ട് ജില്ലാ കളക്ടർ അനുകുമാരി IAS മെഗാ ക്ലീനിംഗ് ഡ്രൈവ് ഉദ്ഘാടനം ചെയ്തു.
- ❖ പത്തനംതിട്ട ജില്ലയിൽ ഹരിത സ്ഥാപന പദവി കരസ്ഥമാക്കിയ 2621 സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം 28999 ജനപങ്കാളിത്തത്തോടെ 3400 സന്നദ്ധപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതുവരെ മൊത്തം 3441 സ്ഥാപനങ്ങൾ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളും, അങ്കണവാടികളും ഗ്രേഡ് ചെയ്യുകയും 4798 സ്ഥാപനങ്ങൾ ഹരിത സ്ഥാപന പദവി കരസ്ഥമാക്കുകയും ചെയ്തു.
- ❖ മലപ്പുറം ജില്ലയിൽ മലപ്പുറം സിവിൽ സ്റ്റേഷൻ മാലിന്യമുക്തമായി പ്രഖ്യാപിച്ചു. സിവിൽ സ്റ്റേഷനിലെ 63 ഓഫീസുകളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിച്ചത്.
- ❖ കാസർഗോഡ് ജില്ല തിരഞ്ഞെടുത്ത 2537 സ്ഥാപനങ്ങളിൽ 2519 സ്ഥാപനങ്ങളെ (99.29%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

## 9.4 ഹരിത വിദ്യാലയം, ഹരിത കലാലയം

- ❖ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലേയും 100% വിദ്യാലയങ്ങളെയും കലാലയങ്ങളേയും ഹരിത പദവിയിലെത്തിക്കണം എന്ന് ലക്ഷ്യം വച്ചിരുന്നു.
- ❖ സംസ്ഥാനത്ത് ആകെയുള്ള 14536 സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ

വിലയിരുത്തൽ നടത്തിയതിൽ 14433 (99.29%) വിദ്യാലയങ്ങൾ ഹരിത വിദ്യാലയം പദവി നേടി.

❖ മാർച്ച് മാസം വരെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ 100% വിദ്യാലയങ്ങൾ ഹരിത വിദ്യാലയം പദവി നേടി.

❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി മാറ്റിയത് മലപ്പുറം ജില്ലയാണ്. 1705 വിദ്യാലയങ്ങൾ ഉള്ളതിൽ 1674 വിദ്യാലയങ്ങൾ ഹരിത വിദ്യാലയം പദവി നേടി.

| ജില്ല | ഹരിത വിദ്യാലയങ്ങൾ | | | ഹരിത കലാലയങ്ങൾ | | |
|---|---|---|---|---|---|---|
| | ആകെ വിദ്യാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ വിദ്യാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ | ആകെ കലാലയങ്ങളുടെ എണ്ണം | ഹരിത പദവി കരസ്ഥമാക്കിയ കലാലയങ്ങളുടെ എണ്ണം | ശതമാ കണക്കിൽ |
| തിരുവനന്തപുരം | 1163 | 1163 | 100.00% | 163 | 163 | 100.00% |
| കൊല്ലം | 1081 | 1081 | 100.00% | 114 | 114 | 100.00% |
| പത്തനംതിട്ട | 812 | 800 | 98.52% | 51 | 46 | 90.20% |
| ആലപ്പുഴ | 865 | 865 | 100.00% | 63 | 61 | 96.83% |
| കോട്ടയം | 1051 | 1051 | 100.00% | 128 | 128 | 100.00% |
| ഇടുക്കി | 552 | 552 | 100.00% | 67 | 58 | 86.57% |
| എറണാകുളം | 1248 | 1188 | 95.19% | 113 | 91 | 80.53% |
| തൃശൂർ | 1176 | 1176 | 100.00% | 122 | 122 | 100.00% |
| പാലക്കാട് | 1092 | 1092 | 100.00% | 111 | 111 | 100.00% |
| മലപ്പുറം | 1705 | 1674 | 98.18% | 156 | 152 | 100.00% |
| കോഴിക്കോട് | 1381 | 1381 | 100.00% | 121 | 120 | 99.17% |
| വയനാട് | 339 | 339 | 100.00% | 50 | 50 | 100.00% |
| കണ്ണൂർ | 1415 | 1415 | 100.00% | 131 | 131 | 100.00% |
| കാസർകോട് | 656 | 656 | 100.00% | 65 | 65 | 100.00% |
| ആകെ | 14536 | 14433 | 99.29% | 1455 | 1412 | 97.04% |

❖ പത്തനംതിട്ട ജില്ലയിൽ 801 വിദ്യാലയങ്ങൾ പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 800 വിദ്യാലയങ്ങൾ ഹരിത പദവി നേടിയിട്ടുണ്ട്. 800 സ്കൂളുകളിൽ സർട്ടിഫിക്കറ്റ് വിതരണം നടത്തിയിട്ടുണ്ട്.

❖ ഇടുക്കി ജില്ലയിൽ 552 (100%) വിദ്യാലയങ്ങൾ ഹരിത വിദ്യാലയം പദവി നേടി.

❖ എറണാകുളം ജില്ലയിൽ ആകെ 1188 വിദ്യാലയങ്ങൾ ഹരിത വിദ്യാലയ പദവി കരസ്ഥമാക്കി.

❖ കാസർഗോഡ് ജില്ലയിൽ 656 വിദ്യാലയങ്ങളിൽ അസ്സസ്മെന്റ് നടത്തിയതിൽ മുഴുവൻ വിദ്യാലയങ്ങളും ഹരിത പദവി കരസ്ഥമാക്കി.

❖ സംസ്ഥാനത്തെ 1455 കോളേജുകളിൽ വിലയിരുത്തൽ നടത്തി 1412 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 97.04% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.

❖ മാർച്ച് മാസം വരെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 100% കലാലയങ്ങളും ഹരിത കലാലയ പദവി കരസ്ഥമാക്കി.

❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ കലാലയങ്ങളെ ഹരിത കലാലയ പദവിയിൽ എത്തിച്ചത് തിരുവനന്തപുരം (163) ജില്ലയാണ്.

❖ തിരുവനന്തപുരം ജില്ലയിൽ ബിഎഡ് കോളേജ്, ചെറുവാരക്കോണം CSI LAW കോളേജ്, ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള എന്നീ കലാലയങ്ങൾ ഹരിത കലാലയമായി.

❖ പത്തനംതിട്ട ജില്ലയിൽ ആകെയുള്ള 51 കലാലയങ്ങളിലെ 46 കലാലയങ്ങളിൽ പരിശോധന നടത്തുകയും ഹരിത കലാലയ പ്രഖ്യാപനം നടത്തുകയും ചെയ്തു.

❖ ഇടുക്കി ജില്ലയിൽ 58 കലാലയങ്ങളെ ഹരിത കലാലയങ്ങൾ ആയി പ്രഖ്യാപിച്ചു.

- എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിലെ എറണാകുളം ലോ കോളേജിൽ NSS കുട്ടികൾക്കായി ഗ്രീൻ ടോക് സംഘടിപ്പിച്ചു. ലോ കോളേജ് ഹരിത ക്യാമ്പസ് ആക്കുന്നതിന് ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.
- തൃശൂർ ജില്ലയിൽ മാർച്ച് മാസത്തിൽ 21 ക്യാമ്പസാണ് ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചത്. ജില്ലയിൽ ഹരിത പദവി കരസ്ഥമാക്കിയ കലാലയങ്ങളുടെ എണ്ണം 122 ആയി.

| ഹരിത സ്ഥാപനം/വിദ്യാലയം / കലാലയം ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 2024 | 2147 | 6561 | 3928 | 12636 | 3 | 151 | 33 | 1504 | 12537 | 29316 |
| ഫെബ്രുവരി | 459 | 695 | 1410 | 1204 | 3309 | 1 | 25 | 28 | 1432 | 7559 | 8701 |
| മാർച്ച് | 1059 | 1749 | 3598 | 3133 | 10689 | 2 | 57 | 28 | 768 | 10397 | 37135 |
| ആകെ | 3542 | 4591 | 11569 | 8265 | 26634 | 6 | 233 | 89 | 3704 | 30493 | 75152 |

## 9.5 ഹരിത ടൂറിസം

- മാർച്ച് മാസത്തിൽ എല്ലാ ജില്ലകളിലും 100% ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹരിതടൂറിസം കേന്ദ്രങ്ങളാക്കണം എന്ന ലക്ഷ്യം നൽകിയിരുന്നു. ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 419 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഫെബ്രുവരി മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 333 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 79.47% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

| ജില്ല | ഹരിത ടൂറിസം | | |
|---|---|---|---|
| | ആകെ കേന്ദ്രങ്ങളുടെ എണ്ണം | എത്ര ടൂറിസം ഡെസ്റ്റിനേഷൻ പ്രഖ്യാപനം നടന്നു | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 31 | 12 | 38.71% |
| കൊല്ലം | 32 | 20 | 62.00% |
| പത്തനംതിട്ട | 7 | 3 | 42.86% |
| ആലപ്പുഴ | 16 | 13 | 81.25% |
| കോട്ടയം | 29 | 20 | 68.97% |
| ഇടുക്കി | 58 | 52 | 89.66% |
| എറണാകുളം | 29 | 13 | 44.83% |
| തൃശൂർ | 48 | 40 | 83.33% |
| പാലക്കാട് | 37 | 37 | 100.00% |
| മലപ്പുറം | 38 | 30 | 78.95% |
| കോഴിക്കോട് | 29 | 29 | 100.00% |
| വയനാട് | 16 | 16 | 100.00% |
| കണ്ണൂർ | 34 | 34 | 100.00% |
| കാസർഗോഡ് | 15 | 14 | 93.33% |
| ആകെ | 419 | 333 | 79.47% |

- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം

നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.

- ❖ കൊല്ലം ജില്ലയിൽ 20 ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. കൂടുതൽ കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പരിശോധനയും പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ മാർച്ച് മാസം പെരുന്തേനരുവി ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.
- ❖ കോട്ടയം ജില്ലയിൽ തിരഞ്ഞെടുത്ത 29 ടൂറിസം കേന്ദ്രങ്ങളിൽ 20 കേന്ദ്രങ്ങളെ ഹരിത ടൂറിസം പദവിയിലേക്ക് എത്തിക്കാൻ സാധിച്ചു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മറ്റ് പ്രശ്നങ്ങൾ കൊണ്ടും 9 കേന്ദ്രങ്ങളെ ഹരിത ടൂറിസം പദവിയിലേക്ക് എത്തിക്കാൻ സാധിച്ചില്ല.
- ❖ ഇടുക്കി ജില്ലയിൽ ഹരിത ടൂറിസം പ്രവർത്തനങ്ങളിൽ 376 ജനപങ്കാളിത്തത്തോടെ 7 സന്നദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 52 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രം ആയി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ മറൈൻ ഡ്രൈവ് ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന്റെ മുന്നോടിയായി ക്ലീൻ ഡ്രൈവ് നടത്തി.
- ❖ തൃശൂർ ജില്ലയിൽ 40 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹരിത ടൂറിസം പ്രഖ്യാപനം നടത്തി. വിവിധ കേന്ദ്രങ്ങളിലായി അജൈവ ജൈവ മാലിന്യങ്ങൾക്കായി ബിന്നുകളും ബോട്ടിൽ ബൂത്തുകളും നിർദ്ദേശക ബോർഡുകളും സ്ഥാപിച്ചു കഴിഞ്ഞു.
- ❖ തൃശൂർ ജില്ലയിൽ വനമേഖലയിലെ മാലിന്യ സംസ്കരണം ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് വാഴച്ചാൽ ടൂറിസം കേന്ദ്രങ്ങളിൽ 8 ബോട്ടിൽ ബൂത്തുകളും 15 ഓളം ബിന്നുകളും സ്ഥാപിക്കുവാനും ഇൻസുലേറ്റർ, ടോയ്‌ലറ്റുകൾ, സഞ്ചാരികൾക്ക് ഭക്ഷണം കഴിക്കുവാനുള്ള ഒരു ഇടം എന്നിവ വരും മാസങ്ങളിൽ തന്നെ സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുവാനും തീരമാനിച്ചു.
- ❖ തൃശൂർ ജില്ലയിൽ വനമേഖലയിലെ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണം ശുചിത്വ പരിപാലനം എന്നിവ സംബന്ധിച്ച് വിവിധ കേന്ദ്രങ്ങളിലായി 5 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ 2025 മാർച്ച് 14 നു ധോണി ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി മലമ്പുഴ നിയോജകമണ്ഡലം MLA എ.പ്രഭാകരൻ പ്രഖ്യാപിച്ചു.
- ❖ മലപ്പുറം ജില്ലയിൽ തിരഞ്ഞെടുത്ത 38 ടൂറിസം കേന്ദ്രങ്ങളിൽ 30 കേന്ദ്രങ്ങളെ ഹരിത ടൂറിസം പദവിയിലേക്ക് എത്തിക്കാൻ സാധിച്ചു.
- ❖ വയനാട് ജില്ലയിൽ തിരഞ്ഞെടുത്ത 16 ടൂറിസം കേന്ദ്രങ്ങളെയും ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ മാർച്ച് മാസം ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ചന്ദ്രഗിരികോട്ട, കാസർഗോഡ് നഗരസഭയിലെ കസബ കടപ്പുറം എന്നീ കേന്ദ്രങ്ങൾ ഹരിത ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചു.

**ഹരിത ടൂറിസം ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജനുവരി | 79 | 225 | 431 | 457 | 1113 | 0 | 0 | 2 | 120 | 560 | 6529 |
| ഫെബ്രുവരി | 71 | 159 | 236 | 183 | 578 | 0 | 0 | 3 | 149 | 3371 | 2080 |
| മാർച്ച് | 85 | 225 | 565 | 1017 | 1740 | 0 | 0 | 5 | 392 | 1915 | 6571 |
| ആകെ | 235 | 609 | 1232 | 1657 | 3431 | 0 | 0 | 10 | 661 | 5846 | 15180 |

## 9.6 ഇനി ഞാൻ ഒഴുകട്ടെ

കേരളം സമ്പൂർണ്ണ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക്

വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ നീർച്ചാലുകളും മാർച്ച് 30-നോട് കൂടി വൃത്തിയാക്കി നീരൊഴുക്ക് വീണ്ടെടുക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

- ❖ കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെട്ട 5,086 എണ്ണം നീർച്ചാലുകൾ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടിട്ടുണ്ട്. ഈ കൈവഴികളിൽ ഉൾപ്പെട്ട 4,721.21 കിമീ നീർച്ചാലുകൾ മാലിന്യമുക്തം ജനകീയ കാമ്പയിനിൽ ഉൾപ്പെടുത്തി ശുചീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാർച്ച് മാസം വരെ 3350.03 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്.
- ❖ നീർച്ചാൽ ശുചീകരണവുമായി ബന്ധപ്പെട്ട് 1076 ഇടങ്ങളിൽ ഏകദിന ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 34,330 ജനങ്ങളുടെ പങ്കാളിത്തം ഏകദിന ശുചീകരണത്തിൽ ഉണ്ടായിട്ടുണ്ട്.
- ❖ 673.6 ലോഡ് മാലിന്യം നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ മാർച്ച് മാസം വിളക്കുടി ഗ്രാമപഞ്ചായത്തിലെ മൂന്ന് കിലോമീറ്റർ നീളമുള്ള കുന്നിക്കോട് വലിയതോട് വീണ്ടെടുക്കൽ പ്രവർത്തനം ആരംഭിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ പ്രവത്തനങ്ങൾ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടന്നുവരുന്നു. ഇതുവരെ 161.5 കിലോമീറ്റർ നീളത്തിൽ നീർച്ചാൽ പുനരുജ്ജീവനം നടന്നിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിൽ 46 ഗ്രാമപഞ്ചായത്തുകളിൽ "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ടം പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ ഇടുക്കി ജില്ലയിൽ തൊടുപുഴ ബ്ലോക്കിലെ മുട്ടം ഗ്രാമപഞ്ചായത്ത് ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പിന്റെ തദ്ദേശസ്ഥാപനതല ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. ഇതുവരെ 124.95 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തു.
- ❖ എറണാകുളം ജില്ലയിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ കടുവാപാറ തോട് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വാർഡ് മെമ്പർ നിർവഹിച്ചു. 900 മീറ്റർ നീളത്തിൽ തോടിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.
- ❖ തൃശൂർ ജില്ലയിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ ജലസ്രോതസ്സുകളുടെ ജനകീയ വീണ്ടെടുപ്പിന്റെ ഭാഗമായി വാർഡ് നാലിലെ ഭൈരവൻ കുളത്തിൽ ആദ്യഘട്ട ശുചീകരണം പൂർത്തിയാക്കി. താന്ന്യം, മുള്ളൂർക്കര, അരിമ്പൂർ, കാട്ടൂർ, പൊയ്യ, കൈപ്പമംഗലം, മണലൂർ, എടവിലങ്ങ്, പുത്തൻചിറ, എളവള്ളി, കടവല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം പ്രവർത്തന ഉദ്ഘാടനം നടത്തി.
- ❖ പാലക്കാട് ജില്ലയിലെ 62 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 346.43 കിലോമീറ്റർ മാലിന്യം നീക്കി പുനരുജ്ജീവിപ്പിച്ചു. ഒപ്പം തൃത്താല നിയോജകമണ്ഡലത്തിലെ സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായും ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

## 9.7 ഹരിത KSRTC

- ❖ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി, റാന്നി, അടൂർ, പന്തളം, കോന്നി എന്നീ ഡിപ്പോകളിൽ ശുചീകരണം നടത്തി.
- ❖ പത്തനംതിട്ട ജില്ലയിൽ അടൂർ, പന്തളം ഡിപ്പോകളിൽ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു. പന്തളം ഡിപ്പോയിൽ NSS കുട്ടികളെ കൊണ്ട് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വാൾ പെയിന്റിംഗ്സ് ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ എറണാകുളം KSRTC-വണ്ടർലാ മുഖേന നിർമ്മാണം പൂർത്തീകരിച്ച് ശീതീകരിച്ച വനിത വെയിറ്റിംഗ് റൂമിന്റെ ഉദ്ഘാടനം MLA ടി. ജെ വിനോദ് നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ മുവാറ്റുപുഴ ഇലാഹിയ കോളേജിലെ NSS യൂണിറ്റ് വിദ്യാർഥികൾ മുവാറ്റുപുഴ KSRTC ഡിപ്പോ ക്ലീൻ ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ അങ്കമാലി നഗരസഭാ KSRTC ഹരിത KSRTC ആയി അങ്കമാലി നഗരസഭ ചെയർമാൻ പ്രഖ്യാപിച്ചു.
- ❖ തൃശൂർ ജില്ലയിൽ മാർച്ച് മാസത്തിൽ 6 KSRTC ഡിപ്പോകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും അഞ്ചിടങ്ങളിൽ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുകയും ചെയ്തു.
- ❖ മലപ്പുറം ജില്ലയിൽ ആകെ തിരഞ്ഞെടുത്ത 4 KSRTC ഡിപ്പോ കേന്ദ്രങ്ങളിലും ശുചീകരണ

പ്രവർത്തനങ്ങൾ നടത്തി ഹരിത ഡിപ്പോകളായി പ്രഖ്യാപിച്ചു. 4 ഇടങ്ങളിലായി സന്നദ്ധ പ്രവർത്തനത്തിൽ 355 പേർ പങ്കെടുത്തു.

❖ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി KSRTC ഡിപ്പോയും, മാനന്തവാടി KSRTC ഡിപ്പോയും ഹരിത ഡിപ്പോകളായി പ്രഖ്യാപിക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

### 9.8 ഗ്രീൻ പ്രോട്ടോകോൾ

❖ എറണാകുളം ജില്ലയിൽ വൈപ്പിൻ കുഴുപ്പിള്ളി പള്ളത്താം കുളങ്ങര ക്ഷേത്രത്തിലെ താലപ്പൊലി ഹരിത ചട്ട പ്രകാരം നടന്നു. ക്ഷേത്ര മൈതാനിയിൽ ഒരുക്കിയ ഹരിത കർമ സേനയുടെ സ്റ്റാൾ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ദേവസ്വം പ്രസിഡന്റ് ചേർന്ന് ഉദ്ഘാടനം ചെയ്തു.

❖ എറണാകുളം ജില്ലയിൽ ചോറ്റാനിക്കര ദേവി ക്ഷേത്രത്തിലെ പ്രസിദ്ധമായ മകം തൊഴൽ, ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു നടത്തി.

## 10. തനത് പ്രവർത്തനങ്ങൾ

### 10.1 ഹരിതഗ്രന്ഥാലയം

❖ ഇടുക്കി ജില്ലയിൽ ജില്ലാ ലൈബ്രറി കൗൺസിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ശില്പശാല സംഘടിപ്പിച്ചു.

❖ എറണാകുളം ജില്ലയിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കീഴ്മാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ താലൂക്ക് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറി ഭാരവാഹികളുടെ യോഗം വിദ്യാ വിനോദിനി വായനശാലയിൽ ചേർന്നു.

❖ വയനാട് ജില്ലയിൽ ഹരിത ഗ്രന്ഥശാല ക്യാമ്പയിനിന്റെ യോഗത്തിൽ തീരുമാനിച്ചത് പ്രകാരം ആദ്യഘട്ടത്തിൽ ജില്ലയിൽ 30 തിരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലകളിൽ പരിശോധന ആരംഭിച്ചു. പരിശോധനയുടെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലകൾക്ക് ഗ്രേഡ് നൽകുകയും ചെയ്തു. ഗ്രേഡ് ലഭിച്ച എല്ലാ ഗ്രന്ഥശാലകളിലും ഹരിത ഗ്രന്ഥശാല പ്രഖ്യാപനവും സർട്ടിഫിക്കറ്റ് കൈമാറലും നടന്നു.

### 10.2 വേമ്പനാട് കായൽ പുനരുജ്ജീവനവും സംരക്ഷണവും

❖ ആലപ്പുഴ ജില്ലയിലെ വേമ്പനാട് കായലിനെ പ്ലാസ്റ്റിക് മുക്തമാക്കാൻ വേമ്പനാട് മെഗാ ക്ലീനിങ് ക്യാമ്പയിന് തുടക്കമിട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മത്സ്യത്തൊഴിലാളികൾ, കുടുംബശ്രീ, ഹരിതകർമസേന അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ക്യാമ്പയിനുകളിൽ നിന്നായി ഇതിനോടകം 25 ടൺ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തു.

❖ Extended Producer Responsibility (EPR) - TAGs ഫോറം മുഖേന ബ്രാൻഡ് ഓഡിറ്റ് നടത്തി ഉത്പാദകർ അവരുടെ ഉത്പന്നങ്ങളുടെ മുഴുവൻ ജീവിതചക്രത്തിനും, പ്രത്യേകിച്ച് ഉപഭോഗാനന്തര ഘട്ടത്തിനും ഉത്തരവാദികളാകുന്ന രീതി നടപ്പിലാക്കി വരുന്നു.

### 10.3 പാറക്വാറി റീചാർജ്

❖ കൊല്ലം ജില്ലയിൽ ഹരിതകേരളം മിഷൻ, അനെർട്ട്, തദ്ദേശസ്ഥാപന പ്രതിനിധികൾ എന്നിവർ കുളക്കട ഗ്രാമപഞ്ചായത്തിലെ വെണ്ടാർ, ഏരൂർ ഗ്രാമപഞ്ചായത്തിലെ ഇളവറാംകുഴി, നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കൊഴുവൻ എന്നീ 3 ക്വാറികൾ സന്ദർശിച്ചു. 3 ക്വാറികളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കുളക്കട വെണ്ടാർ പാറക്വാറിയിൽ സ്ഥലപരിമിതിമൂലം ഫ്ലോട്ടിംഗ് മോഡൽ സോളാർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളുടെ നിർദ്ദേശം 3 ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്. നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കൊഴുവൻ ക്വാറിയിൽ ധാരാളം പായൽ ഉള്ളതിനാൽ അത് നീക്കിയാൽ മാത്രമേ ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്താൻ കഴിയുകയുള്ളൂ എന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. അതനുസരിച്ച് സർവ്വേ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വാർഡ് മെമ്പർ, സെക്രട്ടറി എന്നിവരുടെ യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. വളരെ അടിയന്തിരമായി പായൽ നീക്കം ചെയ്യുന്നതിനും, ത്രീ ഫേസ് കണക്ഷൻ എടുക്കുന്നതിനും,

തൊഴിലുറപ്പ് പദ്ധതി പ്രകാരം തോട് തെളിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു.

### 10.4 കബനിക്കായ് വയനാട്

- ഹരിത കേരളം മിഷൻ, വൈത്തിരി ഗ്രാമപഞ്ചായത്ത്, കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ് പൂക്കോട് NSS യൂണിറ്റ്, എന്നിവർ സംയുക്തമായി വൈത്തിരി പുഴയിൽ ആവാസവ്യവസ്ഥാ പഠനം ആരംഭിച്ചു. പുഴയുടെ ഇരുവശങ്ങളിലുമുള്ള തവള, ചിത്രശലഭം, തുമ്പി, ഷഡ്പദങ്ങൾ എന്നിവയെക്കുറിച്ചുള്ള സർവ്വേ ആണ് നടത്തിയത്. ആകെ 6 കി.മീ. ദൂരമുള്ള വൈത്തിരി പുഴയുടെ 2 കി.മീ ദൂരം സർവ്വേ ചെയ്തപ്പോഴേക്കും 47 ഇനം പൂമ്പാറ്റകളേയും തുമ്പികളേയും കണ്ടെത്തി.

### 10.5 സുസ്ഥിര തൃത്താല

- തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.

#### സുസ്ഥിര തൃത്താല പദ്ധതിയുമായി ബന്ധപ്പെട്ട് മാർച്ച് മാസത്തിൽ നടന്ന പരിപാടികൾ

- കൃഷി സമൃദ്ധി, നെല്ല് സംഭരണം, വിഷു വിപണി (റംസാൻ - വിഷു വിഷരഹിത പച്ചക്കറി കൃഷി ക്യാമ്പയിൻ) എന്നിവയുടെ അവലോകന യോഗം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അധ്യക്ഷതയിൽ ചേർന്നു. രണ്ടു ജനപ്രതിനിധികൾ, 18 ഉദ്യോഗസ്ഥരടക്കം 24 പേർ യോഗത്തിൽ പങ്കെടുത്തു.
- സ്കൂളുകളിലെ കുട്ടികൾക്കായി ജലസംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സ് നൽകി. 35 കുട്ടികളും 11 അധ്യാപകരും പങ്കെടുത്തു.
- ജലസംരക്ഷണ പ്രവർത്തനങ്ങൾ - മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്തു. 54 പേർ യോഗത്തിൽ പങ്കെടുത്തു.
- സുസ്ഥിര തൃത്താല പദ്ധതിയുടെ ആഭിമുഖ്യത്തിൽ വിഷുവിനോട് അനുബന്ധിച്ച് നടത്താൻ ഉദ്ദേശിക്കുന്ന കാർഷിക കാർണിവലിന്റെ സംഘാടന സമിതി യോഗം നടന്നു. 109 പേർ യോഗത്തിൽ പങ്കെടുത്തു.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.03.2025 വരെ കരാറിലേർപ്പെട്ട 5,47,553 ഗുണഭോക്താക്കളിൽ 4,51,631 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്) - (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,59,611 | 3,70,240 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,900 | 27,785 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,47,553** | **4,51,631** |

**2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ**
**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) - 1,00,000
2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം
പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,00,052
2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ - 43,943
**ആകെ - 1,43,995**
2024-25 വർഷം പൂർത്തീകരിച്ച വീടുകൾ - 48,073
പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 95,922
റൂഫ് - 13,007
ലിൻറിൽ - 13,104
ബേസ്മെന്റ് - 18,871
നിർമ്മാണം ആരംഭിച്ചവർ - 36,696
നിർമ്മാണം ആരംഭിക്കാത്തവ- 14,244
**ആകെ - 95,922**

| 2025 ഫെബ്രുവരി വരെ | 2025 മാർച്ച് മാസം | 2025 മാർച്ച് വരെ |
|---|---|---|
| **4,32,159** | **19,472** | **4,51,631** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 6,035 കുടുംബങ്ങളിൽ 3,683 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 31.03.2025 വരെ 1,18,314 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2025 ഫെബ്രുവരി വരെ | 2025 മാർച്ച് മാസം | 2025 മാർച്ച് വരെ |
|---|---|---|
| **1,13,064** | **2,745** | **1,18,314** |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമായി 31.03.2025 വരെ 2232.815 സെൻറ് (22.32 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിൻറെ **MoU** ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11.12.2024-ന് ഒപ്പിട്ട് കൈമാറുകയുണ്ടായി. ഇതിൻറെ ഭാഗമായി 425 ഗുണഭോക്താക്കളുടെ രേഖകൾ ശേഖരിച്ചതിൽ 325 രേഖകൾ കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്. 39 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച **MoU**-ൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെൻററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

കടയ്ക്കൽ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം 2025 ജനുവരി 9-ന് അതത് ഗ്രാമപഞ്ചായത്തുകളിൽ വെച്ച് ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെൻററികാര്യ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിൻറെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

നവകേരളം കർമ്മപദ്ധതി-II, വിദ്യാകിരണം മിഷന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, എം.എൽഎ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. ഇത് പ്രയോജനപ്പെടുത്തി നടത്തിയ ഭൗതികസൗകര്യ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5കോടി | 141 | 139 | 2 |
| 3 കോടി | 386 | 182 | 204 |
| 1 കോടി | 446 | 198 | 248 |
| **ആകെ** | **973** | **519** | **454** |

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ഓരോ വിദ്യാർത്ഥിയുടെയും സമഗ്രഗുണമേന്മ ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടക്കുന്നത്. ഓരോ ക്ലാസിലും വിവിധ വിഷയ മേഖലകളിൽ കുട്ടി നേടേണ്ട ശേഷികൾ അതതു ക്ലാസുകളിൽ തന്നെ നേടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് പ്രധാനമാണ്. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ടത്. ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് 8 മേഖലകളിലായി സൂക്ഷ്മതല പ്രവർത്തനങ്ങളാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ വിചക്ഷണർ, പൊതുസമൂഹം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഇതര വകുപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെയാണ് ഈ വിദ്യാഭ്യാസ മുന്നേറ്റം സാധ്യമാക്കുന്നത്. സംസ്ഥാനതല പ്രഖ്യാപനത്തെ തുടർന്ന് എല്ലാജില്ലകളിലും പദ്ധതി നടത്തിപ്പിന്റെ വിശദചർച്ചകളും കൂടിയിരുപ്പുകളും സംഘടിപ്പിച്ചു.

## ഭൗതിക സൗകര്യ വികസനം

- ❖ തിരുവനന്തപുരം ജില്ലയിൽ ഒരു കോടി 30 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ജിവിഎച്ച്എസ്എസ് കരകുളം സ്കൂൾ കെട്ടിടം ബഹു.സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ.ജി.ആർ അനിൽ മാർച്ച് ഒന്നാം തീയതി ഉദ്ഘാടനം ചെയ്തു.
- ❖ തൃശൂർ ജില്ലയിലെ ജി.എം.എൽ.പി.എസ്.തിരുവത്ര സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം നടത്തി. കിഫ് ബി ഫണ്ട് 1 കോടി 30 ലക്ഷം രൂപ ചിലഴിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ ശ്രീ. എൻ. കെ അക്ബർ 2025 മാർച്ച് 16 ന് നിർവഹിച്ചു.
- ❖ കിഫ്ബി ഫണ്ട് ഒരു കോടി 30 ലക്ഷം രൂപ ചെലവഴിച്ച് കിലയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന അയ്യന്തോൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിന് ഓഡിറ്റോറിയം, മൂന്ന് ക്ലാസ് റൂം, ഭിന്നശേഷി സൗഹൃദ വാഷ്റൂം എന്നിവയുടെ നിർമ്മാണോദ്ഘാടനം 2025 മാർച്ച് 14 ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു നിർവഹിച്ചു.
- ❖ പാലക്കാട് ജില്ലയിൽ കിഫ്ബി ഫണ്ടിൽ നിന്ന് 3.90 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ആനക്കര ഗവ.

ഹൈസ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു:തദ്ദേശസ്വയംഭരണ, എക്സൈസ് പാർലമെന്ററി കാര്യവകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് നിർവഹിച്ചു.

- ❖ കണ്ണൂർ ജില്ലയിലെ ഗവ. എച്ച് എസ് എസ് തിരുവങ്ങാടിന് കിഫ്ബി ഫണ്ടിൽ നിന്നും അനുവദിച്ച 3 കോടി 90 ലക്ഷം രൂപ ചെലവഴിച്ച് പുതുതായി നിർമ്മിച്ച കെട്ടിടം കേരള നിയമസഭാ സ്പീക്കർ എ എം ഷംസീർ ഉദ്ഘാടനം ചെയ്തു.

## അക്കാദമിക പ്രവർത്തനങ്ങൾ

### പഠനോത്സവം

- ❖ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഗുണപരമായ പുരോഗതി പൊതു സമൂഹത്തെ അറിയിക്കുക, പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രസക്തിയും ശക്തിയും ബോധ്യപ്പെടുത്തുക തുടങ്ങിയ ഉദ്ദേശങ്ങളോടു കൂടി പൊതുവിദ്യാലയങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ജില്ലകളിൽ എല്ലാ വിദ്യാലയങ്ങളിലും പഠനോത്സവങ്ങൾ സംഘടിപ്പിച്ചു. ജില്ലാതലം, പഞ്ചായത്തുതലം, സ്കൂൾതലം എന്നിങ്ങനെ വിവിധ തലങ്ങളിലായി പഠനോത്സവങ്ങൾ നടന്നു. ഓരോ സ്കൂളിലും ക്ലാസ് തലം, കോർണർതലം സ്കൂൾതലം എന്നിങ്ങനെ വിവിധ ക്രമീകരണങ്ങൾ നടത്തിയാണ് പഠനോത്സവങ്ങൾ സംഘടിപ്പിച്ചത്.
- ❖ തിരുവനന്തപുരം ജില്ലാതല പഠനോത്സവം എസ് പി ടി പി എം യുപിഎസ് കുറവൻകോണത്ത് വച്ച് നടന്നു.
- ❖ കൊല്ലം ജില്ലാതല പഠനോത്സവം ജിയുപിഎസ് പടിഞ്ഞാറ്റിൻക്കര കൊട്ടാരക്കരയിൽ നടന്നു.
- ❖ പത്തനംതിട്ട ജില്ലാതല പഠനോത്സവം ജി യു പി എസ് മാന്തുക, ആറന്മുളയിൽ വച്ച് നടന്നു.
- ❖ ആലപ്പുഴ ജില്ലയിൽ ദേവസ്വം ബോർഡ് ഹയർസെക്കൻഡറി സ്കൂൾ, ചെറിയനാട് വച്ച് പഠനോത്സവം നടത്താൻ തീരുമാനിച്ചു.
- ❖ കോട്ടയം ജില്ലയിൽ ജിയുപിഎസ് വെള്ളത്തുരുത്തി സ്കൂളിൽ വച്ച് ജില്ലാതല പഠനോത്സവം നടന്നു.
- ❖ പാലക്കാട് ജില്ലയിലെ ഗവൺമെൻറ് ട്രൈബൽ എൽ പി സ്കൂൾ, തേക്കടിയുടെ ചരിത്രത്തിൽ ആദ്യം പഠനോത്സവം "പട്ടാം പൂച്ചികൾ" എന്ന പേരിൽ ആഘോഷിച്ചു.
- ❖ മലപ്പുറം ജില്ലയിൽ ജില്ലാതല പഠനോത്സവം കാളികാവ് ബസാർ സ്കൂളിൽ നടന്നു.
- ❖ കണ്ണൂർ ജില്ലയിൽ ജില്ലാതല പഠനോത്സവം ഗവൺമെൻറ് ടി.ടി.ഐയിൽ വച്ച് നടന്നു.
- ❖ കാസർഗോഡ് ജില്ലയിലെ ജില്ലാതല പഠനോത്സവം ജിയുപിഎസ് പാടിക്കിൽ വച്ച് നടന്നു

### പ്രീസ്കൂൾ വർണ്ണക്കൂടാരം

- ❖ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്രശിക്ഷാ കേരളയുടെയും ദൗത്യത്തിന്റെ ഭാഗമായി എസ്.എസ്.കെ സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതാണ് വർണ്ണക്കൂടാരം.
- ❖ കൊല്ലം ജില്ലയിൽ ഗവൺമെൻറ് യു.പി.എസ്. പന്മന, ചിറ്റൂരിൽ മാതൃകാ സ്കൂൾ വർണക്കൂടാരം ഉദ്ഘാടനം 2025 മാർച്ച് 14-ന് നടന്നു.
- ❖ കോട്ടയം ജില്ലയിൽ പ്രീ പ്രൈമറി വർണ്ണക്കൂടാരം 2024-25 ൽ അനുവദിച്ച പ്രീ പ്രൈമറി അധ്യാപകർക്കും ചുമതലയുള്ള പ്രൈമറി അധ്യാപകർക്കും ദ്വിദിന റസിഡൻഷ്യൽ പരിശീലനം 2025 മാർച്ച് 21,22 ഒന്നാം ബാച്ചും 26,27 തീയ്യതികളിൽ രണ്ടാം ബാച്ചും ക്രിസ്റ്റീൻ റിട്രീറ്റ് സെന്റർ കളത്തിപ്പടിയിൽ വച്ച് സംഘടിപ്പിച്ചു. ജി എൽ പി എസ് പെരുവ, ജി. യു. പി. എസ്.പുത്തേട്ട്, എ ബി എം.ജി.യു.പി.എസ്.കുമരകം എന്നീ വിദ്യാലയങ്ങളിലെ വർണ്ണക്കൂടാരം മാർച്ച് മാസത്തിൽ ഉദ്ഘാടനം ചെയ്തു.
- ❖ ഇടുക്കി ജില്ലയിൽ തെരഞ്ഞെടുത്തിട്ടുള്ള 7 സ്കൂളുകൾക്ക് കൂടി 10 ലക്ഷം രൂപ വീതം വർണ്ണക്കൂടാരം പദ്ധതിക്കായി അനുവദിച്ചു. ജില്ലയിൽ ആകെ 52 സ്കൂളുകളിൽ വർണ്ണകൂടാരം പദ്ധതി നടപ്പിലാക്കി.
- ❖ 2025-26 വർഷത്തിൽ വയനാട് ജില്ലയിൽ 15 വിദ്യാലയങ്ങൾക്ക് കൂടി വർണക്കൂടാരും പദ്ധതി അനുവദിക്കപ്പെട്ടു. പത്തുലക്ഷം രൂപ വീതം അനുവദിക്കപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന

അധ്യാപകർ, പിടിഎ/ എസ് എം സി ഭാരവാഹികൾ എന്നിവർക്കായി കൽപ്പറ്റയിൽ പ്രത്യേക യോഗം സംഘടിപ്പിച്ചു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച കൃത്യമായ മാർഗനിർദ്ദേശങ്ങൾ ധനവിനിയോഗം സംബന്ധിച്ചു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച ക്ലാസ് നൽകി. 2025 മാർച്ച് 27, 28 തീയതികളിലായി പദ്ധതി അനുവദിച്ച സ്കൂളുകളിലെ പ്രീ-പ്രൈമറി അധ്യാപകർക്കും പ്രി-പ്രൈമറി ചുമതലയുള്ള അധ്യാപകർക്കുമായി പ്രൊജക്റ്റ് നിർമ്മാണ ശില്പശാല സംഘടിപ്പിച്ചു.

### ബഡ്ഡിംഗ് റൈറ്റേഴ്സസ് ശില്പശാല

- ❖ കുട്ടികളെ അനുഭവ സാന്ദ്രമായ എഴുത്തിലേക്കും വായനയിലേക്കും നയിക്കുന്നതിനും ഭാഷാപഠനം ആസ്വാദ്യകരമാക്കുന്നതിനും വേണ്ടിയുള്ള ഭാഷാപരിപോഷണ പരിപാടിയാണ് ബഡ്ഡിംഗ് റൈറ്റേഴ്സ്. സ്കൂൾതല ശില്പശാലകൾ നടത്തിയതിന്റെ തുടർച്ചയായി കുട്ടികൾക്കുള്ള ശില്പശാല എല്ലാ സബ് ജില്ലകളിലും സംഘടിപ്പിക്കുന്നു. ശില്പശാലകളുടെ അടിസ്ഥാനത്തിൽ സ്കൂൾതലത്തിൽ രൂപീകരിച്ചിട്ടുള്ള എഴുത്തുകൂട്ടം, വായനകൂട്ടം കേന്ദ്രീകരിച്ച് ഫലപ്രദമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.
- ❖ കൊല്ലം ജില്ലയിലെ ബഡ്ഡിംഗ് റൈറ്റേഴ്സ് സ്കൂൾതല പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളുടെ രചനകൾ പതിപ്പ് രൂപങ്ങളായി കോവൂരിലെ കുഞ്ഞെഴുത്തുകൾ എന്ന പേരിൽ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു.
- ❖ പത്തനംതിട്ട ജില്ലയിലെ ബഡിങ് റൈറ്റേഴ്സ് പ്രോഗ്രാമിന്റെ ജില്ലാതല റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം പന്തളം ബിആർസിയിൽ വച്ച് നടന്നു.

### പാഠപുസ്തക വിതരണം

- ❖ ഒമ്പതാം ക്ലാസിലെ വാർഷിക പരീക്ഷ കഴിയുന്നതിനു മുൻപു തന്നെ പത്താം ക്ലാസിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. പുസ്തകങ്ങളുടെ പ്രകാശനവും സംസ്ഥാനതല വിതരണോദ് ഘാടനവും ബഹു. മുഖ്യമന്ത്രി നിർവഹിച്ചു.
- ❖ പത്തനംതിട്ട ജില്ലാതല വിതരണോത്ഘാടനം ഒമ്പതാം ക്ലാസിലെ പരീക്ഷക്ക് ശേഷം പത്തനംതിട്ട മർത്തോമ്മാ ഹയർസെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ചു.

### ഇൻക്ലൂസീവ് എജ്യുക്കേഷൻ

- ❖ സമഗ്ര ശിക്ഷാ കേരളം മലപ്പുറം കുറ്റിപ്പുറം BRC യുടെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിലെ ഇൻക്ലൂസീവ് എജ്യുക്കേഷൻ ചുമതലയുള്ള നോഡൽ അധ്യാപകർക്കായി ബ്ലോക്ക് തല ദ്വിദിന പരിശീലനം HALPS എടയൂർ, കഴുത്തല്ലൂർ എന്നീ രണ്ട് കേന്ദ്രങ്ങളിലായി മാർച്ച് 11, 12, 13, 14 ദിവസങ്ങളിൽ സംഘടിപ്പിച്ചു. ഭിന്നശേഷിയുള്ള കുട്ടികൾ നേരിടുന്ന വെല്ലുവിളികളേയും തടസ്സങ്ങളെയും തിരിച്ചറിഞ്ഞ് ക്ലാസ് റൂം പ്രവർത്തനങ്ങളിൽ അനുയോജ്യമായ ഇടപെടൽ നടത്തുന്നതിലൂടെ ഉൾച്ചേർന്ന വിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിനുള്ള പ്രായോഗിക തന്ത്രങ്ങൾ രൂപീകരിക്കുന്നതിനും പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തുല്യനീതിയും അവകാശങ്ങളും അവസര സമത്വവും തുല്യ പങ്കാളിത്തവും ഉറപ്പു വരുത്തുന്ന നിയമങ്ങളെക്കുറിച്ച് അറിയുന്നതിനും ഭിന്നശേഷി കുട്ടികളെ പൊതു സമൂഹത്തിന്റെ ഭാഗമാക്കാനും ലക്ഷ്യം വച്ചിട്ടുള്ള പരിശീലനത്തിൽ 91 അധ്യാപകർ പങ്കാളികളായി.

## തനത് പ്രവർത്തനങ്ങൾ

### ക്രിയേറ്റീവ് കോർണർ - അധ്യാപകർക്കുള്ള പരിശീലനം

- ❖ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നൈപുണ്യ വിദ്യാഭ്യാസം നൽകുക, വിജ്ഞാനവും നൈപുണ്യവും ഒരുമിച്ചു പോകേണ്ടതാണെന്നുള്ള അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി സമഗ്ര ശിക്ഷാ മകരളം കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സഹകരണത്തോടു കൂടി പത്തനംതിട്ട ജില്ലയിലെ 16 വിദ്യാലയങ്ങളിൽ സജീകരിച്ച ക്രിയേറ്റീവ് കോർണറുകളിലെ അധ്യാപകർക്കുള്ള ദ്വിദിന പരിശീലനം തുമ്പമൺവൺമെന്റ് യുപി സ്കൂളിൽ നടന്നു. വയറിംഗ്, പ്ലംബിങ്, ഇലക്ട്രോണിക്സ്, ഫാഷൻ ടെക്നോളജി, വുഡ് ഡിസൈനിങ്, പാചകം,

കൃഷി എന്നീ മേഖലകളിലായാണ് വർക്ക് ഇന്റഗ്രേറ്റഡ് ലാബുകൾ സജ്ജീകരിച്ചിരിക്കുന്നത്.

- ❖ ആലപ്പുഴ ജില്ലയിൽ പ്രഥമാധ്യാപക യോഗങ്ങൾ സംഘടിപ്പിച്ചു. എ.ഇ.ഒ, എച്ച്.എം തുടങ്ങിയവരുടെ നേതൃത്വത്തിൽ എച്ച്.എം കോൺഫറൻസ് കൂടുകയും സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുകയും സ്കൂൾതല സമിതികൾ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. വാർഷിക പരീക്ഷാ മൂല്യനിർണയം കൃത്യമായി നടത്തി കുട്ടികളുടെ നിലവാരം മനസ്സിലാക്കി ഓരോ കുട്ടിയുടെയും പഠനപ്രയാസങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും സ്കൂളുകൾക്ക് നിർദ്ദേശം നൽകുകയും കുട്ടികളുടെ ഉത്തരക്കടലാസ് മൂല്യനിർണയം നടത്തി രക്ഷിതാക്കൾക്ക് നൽകണമെന്നും തീരുമാനിച്ചു. എസ്.ആർ.ജി കൺവീനർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാല നടത്തി പ്രസ്തുത ശില്പശാലയിൽ പഠനോത്സവത്തിന്റെ മാർഗ്ഗരേഖ പരിചയപ്പെടുത്തുകയും പഠനോത്സവം പൊതുയിടങ്ങളിൽ നടത്തുന്നതുമായി ബന്ധപ്പെട്ട് സ്കൂളിന്റെ മികവാർന്ന പ്രവർത്തനങ്ങൾ നവമാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നതിന്റെ ആവശ്യകതയും 11 കോർണറുകൾ സജ്ജീകരിച്ച് എല്ലാ കുട്ടികളുടെയും പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യവും ശില്പശാലയിൽ ചർച്ച ചെയ്തു.
- ❖ ഏപ്രിൽ, മെയ് മാസങ്ങളിൽ സംഘടിപ്പിക്കുന്ന അധ്യാപക സംഗമത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകുന്നതിനായി സ്വീകരിക്കേണ്ട തന്ത്രങ്ങൾ വികസി പ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പരിശീലനത്തിന്റെ ഭാഗമായി നടത്താൻ തീരുമാനിച്ചു.

## പ്രാദേശിക പ്രതിഭാകേന്ദ്രം

- ❖ പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയാണ് പ്രതിഭാകേന്ദ്രത്തിന്റെ ലക്ഷ്യം. പ്രായോഗിക ജീവിതത്തിൽ കുട്ടി നേടേണ്ട ശേഷികൾ നേടുകയും ആത്മവിശ്വാസത്തോടെ ജീവിതത്തെ സമീപിക്കാനും കുട്ടിയെ പ്രാപ്തനാക്കുന്നു. അധ്യാപകന്റെ ക്രിയാത്മകമായ ഇടപെടലിലൂടെ കുട്ടിയുടെ ഭാവനയെ വികസിപ്പിക്കാനും വളർച്ചയെ സഹായിക്കാനും കഴിയുന്നു. ഈ ലക്ഷ്യങ്ങളോടെ കോട്ടയം ജില്ലയിൽ 22 പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.
- ❖ ഇടുക്കി ജില്ലയിൽ 2025-26 അക്കാദമിക വർഷം എല്ലാ കുട്ടികളേയും വിദ്യാലയത്തിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മാർച്ച് മാസം തുടക്കമായി. വിവിധ ഡിപ്പാർട്ട്മെന്റുകളുമായി സംയോജിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിച്ചു.
- ❖ ക്രിയേറ്റീവ് കോർണർ ദ്വിദിന DRG ശില്പശാല പാലക്കാട് ജില്ലയിൽ സംഘടിപ്പിച്ചു. 5,6,7 ക്ലാസ്സുകളിലെ കുട്ടികളുടെ ക്ലാസ് റൂം വിഷയങ്ങളിലൂടെ നേടിയ ആശയങ്ങളും ഗവേഷണ മനോഭാവവും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു നൂതനകർമ്മ പദ്ധതിയാണ് ക്രിയേറ്റീവ് കോർണർ. കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെയും സമഗ്രശിക്ഷാ കേരളയുടെയും സഹകരണത്തോ ടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.
- ❖ വിവിധ ശാസ്ത്ര വിഷയങ്ങളിലും, WE യിലുമുള്ള ആശയങ്ങൾ അനുയോജ്യമായ തൊഴിൽ മേഖലകളുമായി ബന്ധിപ്പിക്കുക വഴി ജീവിത നൈപുണികൾ വികസിക്കുകയും വിവിധ തൊഴിൽ മേഖലകളിലെ സാധ്യതകളെക്കുറിച്ച് ധാരണ രൂപീകരിക്കുകയും ചെയ്യുന്നു. കുട്ടികളുടെ ക്രിയാത്മകതയും ചിന്താശേഷിയും സർഗാത്മകതയും ഒരുപോലെ പരിപോഷിപ്പിക്കപ്പെടുന്ന ഈ പരിപാടിക്കു വേണ്ടി അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ക്രിയേറ്റീവ് കോർണർ ദ്വിദിന ശില്പശാലസംഘടിപ്പിച്ചത്.
- ❖ SSLC റസിഡൻഷ്യൽ ക്യാമ്പുകൾ : വയനാട് ജില്ലയിലെ SSLC, ഹയർ സെക്കൻഡറി സ്ഥലങ്ങളിൽ പൊതുപരീക്ഷ എഴുതുന്ന പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി ജില്ലയിലെ ഗവൺമെൻറ് സ്കൂളുകളിൽ റസിഡൻഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.
- ❖ ജില്ലയിലെ 30 ലധികം ഗവൺമെന്റ് സ്കൂളുകളിലാണ് ഇത്തരത്തിലുള്ള ക്യാമ്പുകൾ സംഘടിപ്പിച്ചത്.

25 ദിവസം നീണ്ടുനിന്ന ക്യാമ്പുകളിൽ കുട്ടികൾക്ക് താമസം, ഭക്ഷണം, റിക്രിയേഷൻ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി. രാത്രികാലങ്ങളിൽ അധ്യാപകർ പരീക്ഷാ പരിശീലന ക്ലാസുകൾ നൽകുകയുണ്ടായി.

- ❖ വിദ്യാലയങ്ങളിൽ അധ്യാപകർ, പിടിഎ, എസ്എംസി എന്നിവരുടെ നേതൃത്വത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ ക്യാമ്പുകൾ സന്ദർശിക്കുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 19 (44%) | 14 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 152 | 93 (61%) | 24 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 716 (81%) | 58 |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/03/2025 വരെ 1,20,92,715 (67%) വ്യക്തികളുടെ സർവേ പൂർത്തിയായി. 01/03/2025 മുതൽ 31/03/2025 വരെ 9,25,197 (5%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 3,54,799 (38%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 12,749 (1.4%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 10,206 (1%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 18,885 (2%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 11,342 (1%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 2,11,684 (23%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 24,625 (3%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 7940 (1%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- 01/03/2025 മുതൽ 31/03/2025 വരെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 28,202 (ആകെ പരിശോധിച്ചവരിൽ 24%) പേർക്ക് രക്താതിമർദ്ദവും 3834 (ആകെ പരിശോധിച്ചവരിൽ 4%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 15,62,822 (13%) പേരുടേയും പ്രമേഹം മാത്രമുള്ള 10,43,382 (9%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ സ്ക്രീനിങ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായുള്ള ജനകീയ ആരോഗ്യ കേന്ദ്രം പോർട്ടൽ ഇ ഹെൽത്ത് വികസിപ്പിച്ചു. ശൈലി സർവേ കഴിഞ്ഞ വ്യക്തികളുടെ ജനകീയ ആരോഗ്യ കേന്ദ്ര തല തുടർ സ്ക്രീനിങ് ഈ പോർട്ടൽ വഴിയാണ് നടന്നു വരുന്നത്.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി
- ❖ 1,20,92,715 (67%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,34,711 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ 2025 മാർച്ച് മാസത്തിൽ മാത്രം (01/03/2025 മുതൽ 31/03/2025 വരെ) 9,25,197 (5%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 12,749 (1.4%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർ പരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ❖ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- ❖ സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- ❖ മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ആർ.സി.സി യിൽ സർഫസ് ഗൈഡഡ് റേഡിയേഷൻ തെറാപ്പി ആരംഭിച്ചു. സാധാരണ കോശങ്ങൾക്ക് കേടുപാട് വരുത്താതെ കാൻസർ കോശങ്ങളിൽ മാത്രം കൃത്യമായ റേഡിയേഷൻ നൽകാനും പാർശ്വഫലങ്ങൾ കുറയ്ക്കാനും ഇതിലൂടെ സാധിക്കുന്നു.
- ❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ആരംഭിച്ചു.
- ❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള

ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കാൻസറിന് റോബോട്ടിക് പീഡിയാട്രിക് സർജറി വിജയകരമായി നടത്തി.
- ❖ ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഒരു വർഷം നീണ്ടു നിൽക്കുന്ന "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന ജനകീയ ക്യാമ്പയിൻ 2025 ഫെബ്രുവരി 4 നു ആരംഭിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്. 2025 മാർച്ച് 8 വരെയുള്ള ആദ്യഘട്ട ക്യാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടു. "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" ക്യാമ്പയിനിൽ 31/03/2025 വരെ 1525 ആശുപത്രികളിലൂടെ 14,75,907 പേർ സ്ക്രീനിംഗിന് വിധേയരാവുകയും അതിൽ 49,295 പേരെ ക്യാൻസർ സംശയിച്ച് തുടർ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തു.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിനായുള്ള പരിശീലനങ്ങളും പുരോഗമിക്കുന്നു.
- ❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ 3 ജില്ലാ ആശുപത്രികൾ, 32 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 21 താലൂക്ക് ആശുപത്രികൾ, 539 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ലാബ് പരിശോധനകളുടെ സ്റ്റാൻഡേർഡൈസേഷൻ കൈവരിച്ചു.

## 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.
- ❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.
- ❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 29 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.
- ❖ നിലവിൽ സംസ്ഥാനത്ത് **1,142** പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ **1,09,368** രോഗികൾക്കും **345** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ **26,866** രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ **44** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ **18** ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മുൻഗണന ഗൃഹ സന്ദർശനത്തിലൂടെ ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള **1,46,710** പേർക്ക് സേവനങ്ങൾ നൽകി വരുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) 5 സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് യൂണിറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിൽ 31/03/2025 വരെ 1,20,92,715 (67%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,12,006 (0.9%) കിടപ്പുരോഗികളും 1,85,613 (1.6%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 39,14,884 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

- 2025 മാർച്ച് മാസം (01/03/2025 മുതൽ 31/03/2025 വരെ) 9,25,197 (5%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 7086 (0.8%) കിടപ്പുരോഗികളും 11,302 (1.2%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 2,78,795 (30%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 11,943 (1.3%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.
- കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും സംയോജിപ്പിച്ചു കൊണ്ടുള്ള പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ലോഞ്ച് 2025 മാർച്ച് 3 ന് ബഹു: മുഖ്യമന്ത്രി നിർവഹിച്ചു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.
- പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തു സേവനങ്ങൾ തിരഞ്ഞെടുക്കാവുന്ന രീതിയിൽ കേരളത്തിലെ എല്ലാ പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും വിവിധ സേവന ദാതാക്കളെയും പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി ബന്ധപ്പെടുത്തും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രിഡ് രജിസ്ട്രേഷൻ, പരിശീലനങ്ങൾ എന്നിവ ജില്ലകളിൽ പുരോഗമിക്കുന്നു.
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ ആരംഭിച്ചു.
- കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.
- വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- 2025 ജനുവരി 1 മുതൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്തം നവകേരളം, ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം എന്നിവ പൂർണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സംസ്ഥാനതല ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ ആരംഭിച്ചു.
- സാന്ത്വന പരിചരണ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തമുറപ്പാക്കുകയും നിലവിലെ ഗൃഹകേന്ദ്രീകൃത പരിചരണത്തോടൊപ്പം നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കുന്നതിന്റെ ഭാഗമായി, ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കാനുമായി ജനകീയ മുന്നേറ്റം നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
- ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.
- ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത് മുൻഗണനാക്രമത്തിൽ അതാത് പഞ്ചായത്തിലെ രോഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധനകൾ സംഘടിപ്പിച്ചു.
- ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.
- ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.
- ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പരിശീലന സാമഗ്രികൾക്ക് അന്തിമരൂപം നൽകുന്നതിനായി 2025 ജനുവരിയിൽ വെറ്റിങ്ങ് ശില്പശാല സംഘടിപ്പിച്ചു. പരിശീലനപരിപാടികൾ ഏപ്രിൽ ആദ്യവാരം ആരംഭിക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.
- നായ്ക്കൾ മൂലമുള്ള പേവിഷബാധ ഇല്ലാതാകുന്നതിന് സംസ്ഥാനതല ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ

സംഘടിപ്പിച്ചു. ഈ ശില്പശാലയിൽ ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും വിവിധ സന്നദ്ധ സംഘടനകളിലെയും പ്രതിനിധികൾ പങ്കെടുത്തു. ശില്പശാലയിൽ ആക്ഷൻ പ്ലാനിന്റെ കരട് തയ്യാറാക്കി.

❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
❖ ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നിലവിൽ വരുത്തുക എന്നതാണ്. എന്നാൽ പമ്പാബേസിൻ ജില്ലകളിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (266) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് ടൂൾ കിറ്റ് ഫീൽഡുതലത്തിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ച് അന്തിമരൂപത്തിലാക്കുന്നതിനുള്ള ടേബിൾ ടോപ്പ് എക്സർസൈസ് 2025 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിച്ചു. ഇതിൽ വിവിധ തലത്തിലുള്ള വിദഗ്ധർ പങ്കെടുത്തു.
❖ ഏകാരോഗ്യം പദ്ധതിയിൽ ശേഷിക്കുന്ന ഒന്നര വർഷം നടപ്പാക്കേണ്ട പ്ലാൻ തയ്യാറാക്കുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

❖ മലമ്പനി (മലേറിയ), മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, മീസിൽസ്, കാലാ അസാർ തുടങ്ങിയ രോഗങ്ങളാണ് നിവാരണത്തിനായി ലക്ഷ്യമിട്ടിരിക്കുന്നത്.
❖ രോഗനിവാരണത്തിന് നിലവിലുള്ള സംസ്ഥാന/ജില്ലാ തല മാനദണ്ഡങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഉറപ്പാക്കുവാനുള്ള വിവരശേഖരണവും, വിവരങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ക്രോഡീകരണവും, തുടർ പ്രവർത്തനങ്ങളുമാണ് നിലവിൽ നടന്നു വരുന്നത്.
❖ സംസ്ഥാനത്ത് 1019 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തദ്ദേശീയ മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
❖ 2024 വർഷത്തിൽ ആകെ 959 മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്തു. ഇവയിൽ ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21 തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
❖ 2022, 2023, 2024 വർഷങ്ങളിൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്യാത്ത കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ സബ്-നാഷണൽ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
❖ 11 ജില്ലകൾ മന്ത് രോഗ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
❖ മന്ത് രോഗ പ്രതിരോധത്തിനായുള്ള MDA (മാസ്സ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ) പൂർത്തീകരിച്ചതിനു ശേഷം മലപ്പുറം, പാലക്കാട് ജില്ലകളിൽ മൈക്രോഫൈലേറിയ സർവേയും Transmission Assessment Survey പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
❖ കാലാ അസാർ രോഗ നിവാരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രകാരമുള്ള ലക്ഷ്യം കൈവരിച്ചിട്ടിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തുവാനും രോഗനിരീക്ഷണത്തിനുമായുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.
❖ പാലക്കാട് ഒഴികെയുള്ള ജില്ലകൾ കാലാ അസാർ നിവാരണത്തിനുള്ള അർഹത കൈവരിച്ചിട്ടുണ്ട്.
❖ കുഷ്ഠരോഗികളെ കണ്ടെത്തുന്നതിനുള്ള Leprosy Case Detection Campaign (LCDC) ക്യാമ്പയിൻ 2025 ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലും നടന്നു.
❖ കുഷ്ഠരോഗികളുമായി സമ്പർക്കത്തിലുള്ളവർക്കായുള്ള Post Exposure Prophylaxis സംസ്ഥാനത്ത് ആരംഭിച്ചു.

- മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചു. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിപുലമായ ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചത്.
- 131 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി.
- വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.
- 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ടുബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ആദ്യഘട്ടമായി സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ഇതിൽ 51 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 49 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 85 |
| നിർമ്മാണം പൂർത്തിയായവ | 51 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 49 |
| നിർമ്മാണം പുരോഗമിക്കുന്നവ | 34 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 3 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ആരോഗ്യകരമായ ജീവിതശൈലി, മാനസികാരോഗ്യം, വെൽനെസ്സ് എന്നിവയ്ക്കായി ശീലവൽക്കരണം നടത്തുവാൻ ലക്ഷ്യമിട്ടുള്ള വിവിധ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു. പ്രമേഹവും രക്താതിമർദ്ദവും പിയർ ഗ്രൂപ്പ് ഇടപെടലുകളിലൂടെ നിയന്ത്രിക്കാനുള്ള Structured Lifestyle Modification ക്യാമ്പയിൻ സംസ്ഥാനത്തെ 603 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.
- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി

വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.

❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു.
❖ ജലജന്യ രോഗ പ്രതിരോധത്തിനായുള്ള "ശുദ്ധം കുടിനീർ", എലിപ്പനി പ്രതിരോധത്തിനുള്ള "മൃത്യുമജയം" എന്നീ ക്യാമ്പയിനുകളും കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.
❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു.
❖ ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനായി വീട്ടുമുറ്റ ആരോഗ്യസംവാദമായ "കോലായക്കൂട്ടം" എന്ന പരിപാടി കാസർഗോഡ് ജില്ലയിൽ നടന്നു വരുന്നു.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

❖ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ SHSRC യുടെ നേതൃത്വത്തിൽ നടന്ന് വരുന്നു.
❖ പകർച്ചവ്യാധി പ്രതിരോധം ജീവിതശൈലീ രോഗ പ്രതിരോധം, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) പ്രവർത്തനം ആരംഭിച്ചു.
❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം

ആരംഭിച്ചു.

- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.
- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 40 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 4 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 4 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 3 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 5 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

### കുടുംബാരോഗ്യ കേന്ദ്രം - പ്രവർത്തന പുരോഗതി

- ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 മെഡിക്കൽ ഓഫീസർമാർ, 4 നഴ്സിംഗ് ഓഫീസർമാർ, 2 ഫാർമസിസ്റ്റുമാർ, ഒരു ലാബ് ടെക്നിഷ്യൻ എന്നീ തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ 102 (14%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് മിഷൻ വിഭാവനം ചെയ്യുന്ന രീതിയിലുള്ള എല്ലാ തസ്തികകളും നിലവിലുള്ളത്.
- സംസ്ഥാനത്ത് 477 (67%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 3 മെഡിക്കൽ ഓഫീസർമാരെങ്കിലും ഉള്ളത്. 120 (17%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉള്ളത്. 538 (75%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 2 ഫാർമസിസ്റ്റുമാരെങ്കിലും ഉള്ളത്. 664 (93%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഒരു ലാബ് ടെക്നിഷ്യനെങ്കിലും ഉള്ളത്.
- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു ഡോക്ടർ, ഒരു പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാൻ ഉത്തരവുണ്ടെങ്കിലും ഫെബ്രുവരി മാസത്തെ കണക്ക് പ്രകാരം 168 സ്ഥാപനങ്ങളിൽ ഒരു നിയമനം പോലും നടത്തിയിട്ടില്ല.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒപി സേവനങ്ങൾ ലഭ്യമാക്കേണ്ടതാണെങ്കിലും 211 (30%) സ്ഥാപനങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒപി പ്രവർത്തിക്കുന്നില്ല. ഇതിൽ 28 സ്ഥാപനങ്ങളിൽ മൂന്ന് മെഡിക്കൽ ഓഫീസർമാരെങ്കിലുമുണ്ട്.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഫെബ്രുവരി മാസം ചികിത്സ തേടിയ വ്യക്തികളിൽ 72% പേർക്ക് മാത്രമാണ് പ്രീചെക്ക് സേവനം ലഭിച്ചത്.
- 171 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ശ്വാസ് ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 16 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 167 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ആശ്വാസം ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 9

സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.

- 501 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഇ ഹെൽത്ത് സേവനങ്ങൾ ലഭ്യമാണ്.

## ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 262 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4768 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി ) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- കേന്ദ്ര മാനദണ്ഡ പ്രകാരം പുതിയ കാലഘട്ടത്തിന്റെ ആരോഗ്യ വെല്ലുവിളികൾ നേരിടാനും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ പുതിയ സേവന പാക്കേജുകളെപ്പറ്റി അവബോധം നൽകാനുമായുള്ള സംസ്ഥാനതല പരിശീലന പരിപാടി തിരുവനന്തപുരം തൈക്കാട് ട്രെയിനിങ് സെന്ററിൽ സംഘടിപ്പിച്ചു.
- പുതിയ മാർഗരേഖ പ്രകാരമുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന- ജില്ലാ തല പരിശീലനങ്ങൾ സംഘടിപ്പിച്ചു.
- **വെൽ വുമൺ ക്ലിനിക്കുകൾ** : ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 വെൽ വുമൺ ക്ലിനിക്കുകൾ നടക്കുന്നു. 2025 ഫെബ്രുവരി മാസം 20,251 ക്ലിനിക്കുകൾ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നു. ഇതിൽ 2.9 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ക്ലിനിക്കിൽ ശരാശരി 14 സ്ത്രീകളെങ്കിലും സേവനം തേടിയിട്ടുണ്ട്. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.
- **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ** : ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. 2025 ഫെബ്രുവരി മാസത്തിൽ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 19,880 ക്ലിനിക്കുകൾ നടന്നു. ഇതിൽ 4.25 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ക്ലിനിക്കിൽ ശരാശരി 21 പേർ വീതം സേവനം തേടുന്നുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- **പേഷ്യന്റ് ഗ്രൂപ്പ് മീറ്റിങ്ങുകൾ** : ഒരു മാസത്തിൽ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 4 പേഷ്യന്റ് ഗ്രൂപ്പ് യോഗങ്ങളെങ്കിലും സംഘടിപ്പിച്ചു വരുന്നു. 2025 ഫെബ്രുവരി മാസത്തിൽ 22,915 പേഷ്യന്റ് ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിച്ചു. ഇതിൽ 3.17 ലക്ഷത്തോളം പേർ പങ്കെടുത്തു. ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് കീഴിൽ ശരാശരി 4 യോഗങ്ങൾ സംഘടിപ്പിക്കുകയും ഒരു യോഗത്തിൽ ശരാശരി 14 പേരെങ്കിലും പങ്കെടുക്കുന്നുമുണ്ട്.
- **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ** : ഫെബ്രുവരി മാസത്തിൽ ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങൾ 12.6 ലക്ഷത്തോളം വീടുകൾ സന്ദർശിച്ചു. ഇതിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 102 ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 135 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 57 ഭവന സന്ദർശനങ്ങളും നടത്തിയതായി ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
- ഫെബ്രുവരി മാസത്തിൽ ഒരു ദിവസം ശരാശരി 12 പേരെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് സേവനം തേടിയിട്ടുണ്ട്. ഒരു ദിവസം ശരാശരി 6 ലാബ് പരിശോധനകൾ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ചെയ്തു വരുന്നു.
- സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ

പുരോഗമിക്കുന്നു.

- ❖ പ്രമേഹവും രക്താതിമർദ്ദവും പിയർ ഗ്രൂപ്പ് ഇടപെടലുകളിലൂടെ നിയന്ത്രിക്കാനുള്ള Structured Lifestyle Modification ക്യാമ്പയിൻ സംസ്ഥാനത്തെ 603 ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.
- ❖ കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## മാർച്ച് മാസത്തെ പ്രവർത്തനങ്ങൾ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 2626 യോഗങ്ങൾ മാർച്ച് മാസം നടന്നിട്ടുണ്ട്.
- ഹരിത ഓഫീസിനായി 475 യോഗങ്ങളും, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾക്കായി 584 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 85 യോഗങ്ങളും, ഹരിത അയൽകൂട്ടമായി ബന്ധപ്പെട്ട് 168 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 44 യോഗങ്ങളും, ഹരിത ഗ്രന്ഥശാല 253 യോഗങ്ങളും, ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾക്കായി 223 യോഗങ്ങളും, ജലബജറ്റിനായി 6 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 14 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 55 യോഗങ്ങളും, ഗ്രീൻ പ്രോട്ടോക്കോളിനായി 36 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- വിവിധ യോഗങ്ങളിൽ 8063 ജനപ്രതിനിധികളും 13738 ഉദ്യോഗസ്ഥരും, 24722 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 48913 പേർ മാർച്ച് മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 49 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 3787 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 86 പരിശീലനങ്ങൾ മാർച്ച് മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 4455 പേർ പങ്കെടുത്തിട്ടുണ്ട്.
- ജനകീയമായ പ്രവർത്തങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സന്നദ്ധ പ്രവർത്തനങ്ങൾ മാർച്ച് മാസം നടന്നിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ടാണ് ഇതിൽ 8476 സന്നദ്ധ പ്രവർത്തങ്ങളും നടന്നിട്ടുള്ളത്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി മാർച്ച് മാസത്തിൽ 28638 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 307476 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി മാർച്ച് മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം 2025 മാർച്ച് മാസം | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | നടന്ന യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 584 | 867 | 1862 | 2000 | 5952 | 0 | 0 | 7 | 546 | 3505 | 132 | 2910 |
| ഹരിത ഓഫീസ് | 475 | 882 | 1736 | 1133 | 4737 | 2 | 57 | 21 | 222 | 6892 | 3457 | 34225 |
| ഹരിത ടൂറിസം | 85 | 225 | 565 | 1017 | 1740 | 0 | 0 | 5 | 392 | 1915 | 149 | 6571 |
| ഹരിത അയൽക്കൂട്ടം | 168 | 243 | 456 | 436 | 989 | 0 | 0 | 0 | 0 | 456 | 249 | 728 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 223 | 1333 | 1143 | 1968 | 4373 | 0 | 0 | 2 | 53 | 4196 | 2597 | 170086 |
| ഹരിത സഭ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 61 | 61 | 1920 |
| ഹരിത ഗ്രന്ഥശാല | 253 | 434 | 399 | 1980 | 2904 | 30 | 2609 | 1 | 86 | 1996 | 88 | 3935 |
| റെസിഡന്റ്സ് അസോസിയേഷൻ | 47 | 61 | 61 | 352 | 832 | 0 | 0 | 2 | 82 | 409 | 84 | 5050 |
| വനമേഖലയിലെ മാലിന്യ പരിപാലനം | 34 | 62 | 691 | 310 | 1099 | 14 | 897 | 40 | 2523 | 83 | 0 | 69 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 44 | 165 | 173 | 835 | 1176 | 0 | 0 | 0 | 0 | 725 | 118 | 11934 |
| ഹരിത KSRTC | 9 | 20 | 76 | 55 | 151 | 0 | 0 | 0 | 0 | 172 | 31 | 1476 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 36 | 82 | 362 | 1029 | 1473 | 0 | 0 | 0 | 0 | 96 | 108 | 1884 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 528 | 3297 | 4556 | 12624 | 20454 | 1 | 57 | 7 | 504 | 6465 | 1388 | 65324 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| മാപത്തോൺ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 130 | 0 | 382 |
| ജല ബജറ്റ് | 6 | 12 | 70 | 10 | 92 | 0 | 0 | 0 | 0 | 112 | 0 | 68 |
| നീരുറവ് | 8 | 20 | 142 | 12 | 174 | 0 | 0 | 0 | 0 | 512 | 1 | 16 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 1 | 4 | 8 | 32 | 44 | 0 | 0 | 0 | 0 | 5 | 0 | 0 |
| പാറക്വാറി പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 | 0 | 8 |
| ജലഗുണനിലവാര ലാബ് | 6 | 7 | 29 | 8 | 44 | 0 | 0 | 0 | 0 | 8 | 0 | 4 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| കാർഷിക പ്രവർത്തനങ്ങൾ | 55 | 95 | 238 | 150 | 483 | 1 | 104 | 0 | 0 | 738 | 3 | 341 |
| നെറ്റ്സീറോ കാർബൺ | 2 | 4 | 14 | 3 | 21 | 0 | 0 | 0 | 0 | 14 | 1 | 41 |
| പഞ്ചായത്ത്തല കോർഗ്രൂപ്പ് പ്രവർത്തനം | 12 | 85 | 170 | 194 | 449 | 0 | 0 | 0 | 0 | 0 | 0 | 0 |
| പച്ചത്തുരുത്ത് | 6 | 9 | 22 | 39 | 70 | 1 | 63 | 0 | 0 | 0 | 0 | 0 |
| തെങ്ങിന്-തടം മണ്ണിന് ജലം | 1 | 2 | 2 | 22 | 26 | 0 | 0 | 0 | 0 | 0 | 0 | 0 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| തനതു പ്രവർത്തനം | 26 | 62 | 552 | 271 | 885 | 0 | 0 | 1 | 47 | 139 | 9 | 504 |
| കളക്ടറുടെ ജില്ലാ യോഗം | 12 | 44 | 303 | 215 | 562 | | | | | | | |
| ജില്ലാ മിഷൻ യോഗം | 2 | 14 | 73 | 15 | 102 | | | | | | | |
| തദ്ദേശ മിഷൻ യോഗം | 3 | 34 | 35 | 12 | 81 | | | | | | | |
| **ആകെ** | 2626 | 8063 | 13738 | 24722 | 48913 | 49 | 3787 | 86 | 4455 | 28638 | 8476 | 307476 |

# ത്രൈമാസ അവലോകനം
# 2025 ജനുവരി മുതൽ 2025 മാർച്ച് വരെ

- ❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 7831 യോഗങ്ങൾ കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ നടന്നിട്ടുണ്ട്. ഇതിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ 115624 പേർ ഭാഗഭാക്കായി.
- ❖ കൂടാതെ 116 ശില്പശാലകളും 226 പരിശീലനവും കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ മിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. 12223 പേർ ശില്പശാലകളിൽ പങ്കെടുത്തപ്പോൾ 11793 പേർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാനും മിഷന് സാധിച്ചിട്ടുണ്ട്.
- ❖ മൂന്ന് മാസ കാലയളവിൽ മിഷൻ നടത്തുന്ന പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് 88052 ഇടപെടലുകൾ മിഷൻ ഉദ്യോഗസ്ഥർ വിവിധ പ്രവർത്തനങ്ങളിൽ നടത്തിയിട്ടുണ്ട്.
- ❖ കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ 11554 പൊതുജനങ്ങളുടെ പ്രാതിനിധ്യവും സേവനവും മിഷന്റെ ഇടപെടലുകളുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങളിൽ / പദ്ധതികളിൽ ഉറപ്പാക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.
- ❖ കഴിഞ്ഞ മൂന്ന് മാസ കാലയളവിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിവിധ മേഖലയിൽ പെട്ട ജനവിഭാഗവും ഉൾപ്പെടെ 476835 ജനവിഭാഗത്തിന്റെ സേവനം വിവിധ പ്രവർത്തനങ്ങളിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ ത്രൈമാസ സംഗ്രഹം 2025 ജനുവരി മുതൽ മാർച്ച് വരെ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | നടന്ന യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യ സംസ്കരണ പ്രവർത്തങ്ങൾ** | | | | | | | | | | | | |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 1344 | 2025 | 4330 | 4007 | 11585 | 4 | 176 | 39 | 2657 | 9220 | 254 | 25771 |
| ഹരിത ഓഫീസ് | 2198 | 2566 | 7239 | 4258 | 15049 | 2 | 57 | 50 | 1047 | 21273 | 3498 | 49381 |
| ഹരിത ടൂറിസം | 235 | 609 | 1232 | 1657 | 3431 | 0 | 0 | 10 | 661 | 5846 | 272 | 15180 |
| ഹരിത അയൽക്കൂട്ടം | 707 | 1065 | 1478 | 3482 | 5879 | 0 | 0 | 2 | 287 | 5960 | 523 | 22099 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 772 | 3056 | 3186 | 4380 | 10551 | 0 | 0 | 3 | 93 | 11228 | 3718 | 201825 |
| ഹരിത സഭ | 36 | 139 | 327 | 461 | 927 | 49 | 6785 | 0 | 0 | 230 | 69 | 3088 |
| ഹരിത ഗ്രന്ഥശാല | 351 | 556 | 972 | 3970 | 5499 | 37 | 3382 | 1 | 86 | 2747 | 108 | 4342 |
| റെസിഡന്റ്സ് അസോസിയേഷൻ | 67 | 96 | 124 | 893 | 1471 | 0 | 0 | 3 | 332 | 533 | 95 | 6516 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 34 | 62 | 691 | 310 | 1099 | 14 | 897 | 40 | 2523 | 83 | 0 | 69 |
| ഹരിത KSRTC | 239 | 948 | 1146 | 2568 | 4665 | 1 | 60 | 2 | 62 | 5353 | 477 | 29590 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 36 | 82 | 290 | 320 | 692 | 0 | 0 | 2 | 54 | 334 | 57 | 2616 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 104 | 313 | 1226 | 2701 | 4240 | 0 | 0 | 1 | 56 | 318 | 149 | 10181 |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| മാപത്തോൺ | 1 | 2 | 3 | 4 | 9 | 0 | 0 | 1 | 15 | 597 | 0 | 472 |
| ജല ബജറ്റ് | 21 | 74 | 168 | 185 | 427 | 1 | 76 | 0 | 0 | 818 | 0 | 185 |
| നീരുറവു | 21 | 124 | 250 | 133 | 507 | 2 | 220 | 0 | 0 | 696 | 1 | 71 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 33 | 42 | 533 | 404 | 979 | 0 | 0 | 0 | 0 | 575 | 0 | 0 |
| പാറക്വാറി പ്രവർത്തനങ്ങൾ | 47 | 56 | 80 | 43 | 179 | 0 | 0 | 1 | 63 | 175 | 0 | 135 |
| ജലഗുണനിലവാര ലാബ് | 31 | 48 | 143 | 38 | 229 | 0 | 0 | 0 | 0 | 178 | 0 | 224 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| കാർഷിക പ്രവർത്തനങ്ങൾ | 91 | 194 | 400 | 298 | 892 | 1 | 104 | 0 | 0 | 982 | 4 | 536 |
| നെറ്റ്സീറോ കാർബൺ | 83 | 219 | 547 | 892 | 1658 | 2 | 197 | 35 | 1920 | 1084 | 13 | 391 |
| പഞ്ചായത്ത്തല കോർഗ്രൂപ് പ്രവർത്തനം | 19 | 92 | 197 | 217 | 506 | 0 | 0 | 0 | 0 | 46 | 0 | 61 |
| പച്ചത്തുരുത്ത് | 66 | 309 | 442 | 435 | 1186 | 1 | 63 | 0 | 0 | 399 | 12 | 1149 |
| തെങ്ങിന്-തടം മണ്ണിന് ജലം | 8 | 41 | 26 | 124 | 191 | 0 | 0 | 0 | 0 | 11 | 192 | 0 |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| തനതു പ്രവർത്തനം | 116 | 1067 | 2520 | 2811 | 6398 | 1 | 149 | 10 | 108 | 383 | 14 | 2045 |
| കളക്ടറുടെ ജില്ലായോഗം | 26 | 224 | 792 | 281 | 1297 | | | | | | | |
| ജില്ലാ മിഷൻ യോഗം | 4 | 25 | 151 | 20 | 196 | | | | | | | |
| തദ്ദേശ മിഷൻ യോഗം | 17 | 103 | 146 | 34 | 283 | | | | | | | |
| ആകെ | 7831 | 20523 | 38859 | 53942 | 115624 | 116 | 12223 | 226 | 11793 | 88052 | 11554 | 476835 |